ഇപ്പോൾ രൂപം കൊണ്ട് അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളായതെയുള്ളൂ. പി.എസ്.സി. നിയമനം വരുന്നതുവരെ ഡെപ്യൂട്ടേഷൻ മാത്രമേ ഉണ്ടാവുകയുള്ളൂ അതിൽ ആർക്കും സംശയം വേണ്ട. ഒരു തരത്തിലുള്ള അനധികൃത നിയമനവും ഈ ഗവൺമെന്റ് അനുവദിക്കില്ല. ഈ സർവ്വകലാശാല നമ്മൾ ഉദ്ദേശിച്ച രീതിയിൽ ഇന്ത്യയിലെ ഏറ്റവും നല്ല ഹരിത സർവ്വകലാശാല എന്നാണ് ഉദ്ദേശിക്കുന്നത്; അക്കാഡമിക് തലത്തിൽ, ഗവേഷണ തലത്തിൽ അതോടൊപ്പം ഒരു ഇന്റർനാഷണൽ ലെവലിൽ തന്നെ ആളുകൾക്ക് വരാനും പഠിക്കാനും പറ്റുന്ന തലത്തിലേക്ക് ഉയർന്നുവരാൻ എന്തുകൊണ്ടും സാധിക്കാവുന്ന ഭൗതിക സാഹചര്യങ്ങളുള്ള ഒരു ആസ്ഥാനമാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ ജില്ലയായ തൃശ്ശൂർ ജില്ലയിൽ ലഭിച്ചിട്ടുള്ളത്. നമുക്ക് കൂട്ടായിട്ട് സർവ്വകലാശാലയുടെ ഭാവി പ്രവർത്തനത്തിനുവേണ്ടി പ്രവർത്തിക്കാം. എല്ലാവരുടേയും പിന്തുണ അകമഴിഞ്ഞ് കിട്ടിയതിൽ വളരെ സന്തോഷമുണ്ട്. ഞാൻ നന്ദി പറയുന്നു.

മി. സ്പീക്കർ: കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(ii) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി അങ്ങേക്ക് കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010, പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ: സർ, I move that, "This House resolves to disapprove The Kerala Cultural Activists' Welfare Fund Bill, 2010 (Ordinance No. 55 of 2010) ഞാൻ എന്റെ ഡിസന്റ് രേഖപ്പെടുത്തുകയാണ്. കലയേയും കലാകാരന്മാരേയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഉൽകൃഷ്ടമായ ഒരു പാരമ്പര്യത്തിന്റെ കണ്ണികളാണ് നമ്മൾ. ഭാരതത്തിന്റെ പൗരാണിക ചരിത്രമെടുത്ത് പരിശോധിച്ചാൽ മഹാരാജാക്കന്മാർ മുതൽ കേരളത്തിലെ രാജാക്കന്മാർ വരെ കലയേയും സാഹിത്യത്തേയും

LIBRARY ARCHIVES Kerala Legislative Assembly

സാഹിത്യകാരന്മാരേയും എല്ലാം പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ ഒരു കാലത്ത് താരപ്രഭയിൽ ജ്വലിച്ച് നിന്നിരുന്ന കലാകാരന്മാരുടെ വാർദ്ധക്യത്തിലെ കദനകഥകളാണ് ഇന്ന് കേൾക്കാൻ കഴിയുന്നത്. കലാകാരന്മാർക്ക് മരണാനന്തര ബഹുമതിയായി ആചാരവെടിയുടെ വെടിയുണ്ടകളല്ല വേണ്ടത് മറിച്ച് ജീവിക്കാനാവശ്യമായ വെള്ളിയുണ്ടകളാണ്. കുഞ്ഞാലിമരയ്ക്കാരേയും ചെമ്മീനിലെ ചെമ്പൻകുഞ്ഞിനേയും പോലുള്ള ശക്തമായ കഥാപാത്രങ്ങളെ അവതരിപ്പിച്ച കൊട്ടാരക്കര ശ്രീധരൻ നായർ ഒരിക്കൽ അവശകലാകാരന്മാർക്കുള്ള സഹായധനം സ്വീകരിക്കുമ്പോൾ പറയുകയുണ്ടായി; "ഞാൻ ശാരീരികമായി അവശനാണ്, പക്ഷേ അവശകലാകാരനല്ല അവകാശകലാകാരനാണ് എന്ന്." കലാകാരന്മാർക്ക് കഷ്ടതയുണ്ടെങ്കിലും അവർ അഭിമാനികളാണ്. ഒരു കാലത്ത് നമ്മുടെ മനസ്സുകളെ ത്രസിപ്പിക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്ത കലാകാരന്മാരുടേയും സാംസ്കാരിക പ്രവർത്തകന്മാരേയും അംഗീകരിക്കുവാനും അവരുടെ കണ്ണുനീരിൽ നിന്ന് ഒരു തുള്ളിയെങ്കിലും ഒപ്പിയെടുക്കാനുമുള്ള ഈ ശ്രമം അഭിനന്ദനാർഹമാണ്. മലയാള സിനിമയിലെ തിലകക്കുറിയും അഭിനയകലയിലെ പെരുന്തച്ചനുമായ തിലകനെ അമ്മയും അമ്മാവന്മാരും സംഘംചേർന്ന് വേട്ടയാടിയപ്പോൾ നിഷ്പക്ഷത പാലിക്കേണ്ടവർ പോലും ബലവാന്മാരുടെ കൂടെ ചേർന്നത് ശാരദ മലയാളിയെ വേദനിപ്പിക്കുകയുണ്ടായി. ഈ ബില്ലിന്റെ സ്പിരിറ്റിനോട് ഞാൻ പൂർണ്ണമായും യോജിച്ചുകൊണ്ട് ചില പോരായ്മകൾ ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്.

2-ാം വകുപ്പിലെ സാംസ്കാരിക പ്രവർത്തകന്മാരെന്നാൽ-സിനിമ, ടെലിവിഷൻ, കേബിൾ ശൃംഖല, നാടകം, സംഗീതം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെന്ന് പറയുന്നുണ്ട്. എന്നാൽ സിനിമയും ടെലിവിഷനും എല്ലാം പ്രചാരത്തിൽ വരുന്നതിനുമുൻപ് നമ്മുടെ ഗ്രാമീണ ജനത കേൾക്കുകയും ആസ്വദിക്കുകയും ചെയ്തിരുന്ന റേഡിയോ ആർട്ടിസ്റ്റുകൾ ഇതിന്റെ പരിധിയിൽ വരുന്നില്ല. എല്ലാവരേയും എണ്ണിപ്പറയേണ്ട ആവശ്യമില്ല എങ്കിൽപ്പോലും റേഡിയോ ആർട്ടിസ്റ്റുകളെ അവഗണിക്കാൻ പാടില്ല. റേഡിയോ ആർട്ടിസ്റ്റുകളെ ഇതിൽ പ്രത്യേകമായി പരാമർശിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നേതൃത്വം നൽകുകയും സാംസ്കാരിക പ്രവർത്തനങ്ങളുമായി ജീവിതകാലം മുഴുവൻ ഹോമിക്കപ്പെടുകയും ചെയ്യുന്ന ഒട്ടനവധി സാംസ്കാരിക പ്രവർത്തകന്മാരുണ്ട്. അവരേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്ന് അവർക്കും ഇതിന്റെ ആനുകൂല്യം നൽകണം. സിനിമയിലെ അഭിനേതാക്കളും മറ്റും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നായകന്മാർക്കും നായികമാർക്കും മിന്നിത്തിളങ്ങാൻ സഹായിക്കുന്ന മുഖംപോലുമില്ലാത്ത കലാകാരന്മാരാണ് ഡ്യൂപ്പുകൾ. ഡ്യൂപ്പുകളെ സംബന്ധിച്ച് ഈ ബില്ലിൽ പറയുന്നില്ല. എവിടേയും അവരെ ഓർക്കാറില്ല. നമ്മുടെ നായക നടന്മാരായ മോഹൻലാലിനും മമ്മൂട്ടിക്കും വേണ്ടി സംഭ്രമജനകമായിട്ടുള്ള റോളുകളിൽ അഭിനയിക്കുകയും മരണപ്പെടുകയും ചെയ്താൽ മരണപ്പെട്ടത് മമ്മൂട്ടിയുടേയോ അല്ലെങ്കിൽ മോഹൻലാലിന്റെ ഡ്യൂപ്പ് മരണപ്പെട്ടു എന്നാണ് പറയപ്പെടുന്നത്. മരണപ്പെട്ടാൽപോലും സ്വന്തമായി ഐഡന്റിറ്റിയില്ലാത്ത ആളുകളാണിവർ. അതുകൊണ്ട് ഒ.എൻ.വി. പാടിയതുപോലെ "മറ്റുള്ളവർക്കായ്

LIBRARY ARCHIVES Kerala Legislative Assembly

സ്വയം കത്തിയെരിയുന്ന സുസ്നേഹമൂർത്തിയാം സൂര്യ" എന്ന് പറയുന്നതു പോലെ, ഇങ്ങനെയുള്ള ഡ്യൂപ്പുകൾക്കുവേണ്ടി ഇതിൽ പ്രത്യേകമായി പരാമർശങ്ങളില്ലാതെ പോയാൽ മറ്റുള്ളവരുടെകൂട്ടത്തിൽ അവർ പെടാതെ പോകും. ആരാണ് ഡ്യൂപ്പ് എന്നത് സംബന്ധിച്ച് ഒരു അക്കൗണ്ട് പോലും ഉണ്ടാവില്ല. അതുകൊണ്ട് അങ്ങനെയുള്ള ഡ്യൂപ്പുകളായ ആളുകൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുവാൻ കഴിയണം. മറ്റുള്ളവർ എന്ന കൂട്ടത്തിൽ പരാമർശിക്കപ്പെടാതെ പോകുകയാണെങ്കിൽ വലിയ കലാകാരന്മാരുടെ കൂട്ടത്തിൽ വിസ്മരിക്കപ്പെടാവുന്നതുകൊണ്ട് ഡ്യൂപ്പുകളെ പ്രത്യേകമായി ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. ജീവിക്കാൻ പ്രയാസപ്പെടുന്ന ആളുകളാണവർ. നായികമാർക്കും നായകന്മാർക്കും മൊഴിമാറ്റം നൽകി, ശാരദയെപ്പോലുള്ള കേരളത്തിന്റെ പ്രിയപ്പെട്ട മലയാളം സംസാരിക്കാൻ കഴിയാത്ത നടികൾക്ക് സുന്ദരമായ മലയാളശോഷയിൽ ശബ്ദം നൽകുന്ന ഡബ്ബിംഗ് ആർട്ടിസ്റ്റുകളും വളരെ പ്രധാനപ്പെട്ടവരാണ്. ശാരദയുടെ ഡയലോഗുകളുടെ വിജയത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നത് ഡബ്ബിംഗ് ആർട്ടിസ്റ്റുകളാണ്. ഇങ്ങനെയുള്ള കലാകാരന്മാരെ ആരോരുമറിയാതെ പോകുകയാണ്. ഡബ്ബിംഗ് ആർട്ടിസ്റ്റുകളും ഡ്യൂപ്പുകളും പോലെ അണിയറയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് ആളുകളുടെ പരിശ്രമം കൊണ്ടാണ് ഒരു ചലച്ചിത്രം മുന്നോട്ട് വരുന്നത്. അതുകൊണ്ട് ഡബ്ബിംഗ് ആർട്ടിസ്റ്റുകളേയും ഡ്യൂപ്പുകളേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രൊഫ. എൻ. ജയരാജ് : സർ, അങ്ങ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അടുത്ത കാലത്ത് ഏറ്റവും പ്രശസ്തമായ യന്തിരൻ എന്ന ചിത്രത്തിൽ രജനീകാന്തിനുവേണ്ടി കൂടുതൽ അപകടകരമായ രംഗങ്ങൾ മുഴുവൻ ഒരു മലയാളിയായ യുവാവാണ് അഭിനയിച്ചത് എന്ന് അങ്ങേക്ക് അറിയുമോ ? ഒരു പക്ഷേ ഇന്ന് ആ ചിത്രത്തിനകത്ത് അഭിനയിച്ച എല്ലാവരെയും അറിയുമെങ്കിലും അതിന്റെ പിന്നിൽ പ്രവർത്തിച്ച ആ മലയാളി യുവാവിനെ കേരളം ഓർക്കുന്നില്ല അല്ലെങ്കിൽ നമ്മുടെ സിനിമാ ആസ്വാദകർ ഓർക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ വാസ്തവം.

ശ്രീ. എം. ഉമ്മർ : സർ, അതുപോലെ മാപ്പിളപ്പാട്ടുൾപ്പെടെയുള്ള കലകളെന്ന് പറയുന്നതിനപ്പുറമായി മാപ്പിളകലകൾ എന്ന് പറഞ്ഞാൽ അത് പൂർണ്ണമാകും. അന്ന് സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ അത് പറയാൻ വിട്ടുപോയതാണ്. മാപ്പിളപ്പാട്ട് എന്നതിനുപകരം മാപ്പിളകലകൾ എന്ന് പറഞ്ഞാൽ മാപ്പിളകലകളുമായി ബന്ധപ്പെട്ടുള്ള കോൽക്കളി, ദഫ്, അറവന തുടങ്ങിയ മറ്റ് കലകളൊക്കെത്തന്നെ ഇതിന്റെ പരിധിയിൽ വരും അതുകൊണ്ട് മാപ്പിളപ്പാട്ടുകളുൾപ്പെടെയുള്ള എന്നതിനുപകരം മാപ്പിളകലകൾ എന്നാക്കി മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.

വകുപ്പ് 4 (ജി)-യിൽ നിധിയിലേക്ക് തുടർച്ചയായി മൂന്ന് വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ ധനസഹായം അനുവദിക്കുമെന്നാണ് പറയുന്നത്. മൂന്ന് വർഷം എന്നത് ; ഒരു വർഷം എന്നാക്കി മാറ്റണമെന്ന് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഉദ്ദേശിക്കുകയാണ്. അംഗത്വത്തെ സംബന്ധിച്ച് അങ്ങ് വളരെ വിശാലവും ഉദാരവുമായ കാഴ്ചപ്പാടാണ് എടുത്തിട്ടുള്ളത്. 60 വയസ്സ് കഴിഞ്ഞ ആളുകളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി അങ്ങ് ഒരു ക്ലോസ് പ്രത്യേകമായി ചേർത്തിട്ടുണ്ട്; പക്ഷേ അതിൽ പറയുന്നത് 10 വർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ചാൽ നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുമെന്നാണ്. 200 രൂപ വച്ച് 10 വർഷത്തെ അംശദായം ഒരുമിച്ച് അടയ്ക്കണമെങ്കിൽ എത്രാണ്ട് 20,000 രൂപ വരും. ഈ 20,000 രൂപ ഒരുമിച്ച് അടയ്ക്കാൻ കഴിയാത്ത ആർട്ടിസ്റ്റുകളുണ്ട്.

നമ്മുടെ വലിയ ആർട്ടിസ്റ്റുകളൊക്കെത്തന്നെ അഭ്രപാളികളിൽ മിന്നിത്തിളങ്ങിയ കൊട്ടാരക്കര ശ്രീധരൻനായരും അതുപോലെ അടുത്ത കാലത്ത് നമ്മെ വിട്ടുപിരിഞ്ഞ് പോയിട്ടുള്ള ഒട്ടനവധി കലാകാരൻമാരുമുണ്ട്. അവരുടെ അവസ്ഥ നമുക്ക് അറിയാമല്ലോ. അങ്ങനെയുള്ള ആളുകൾക്ക് 10 വർഷത്തെ അംശദായം 20,000 രൂപ ഒരുമിച്ച് അടയ്ക്കണമെന്ന് പറയുമ്പോൾ സാധ്യമാകുകയില്ല. അതുകൊണ്ട് ഒരു വർഷത്തേക്ക് ഒരുമിച്ച് അടയ്ക്കുകയാണെങ്കിൽ അവരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കും. യഥാർത്ഥത്തിൽ അവരാണ് ഇതിന്റെ യഥാർത്ഥ അവകാശികൾ. ചെറുപ്പക്കാരായ ആളുകൾ അംശദായം അടച്ചില്ലെങ്കിൽപ്പോലും അവർക്ക് ജീവിക്കുവാൻ ഒട്ടനവധി മറ്റ് സൗകര്യങ്ങളുണ്ട്. അപ്പോൾ 60 വയസ്സു കഴിഞ്ഞ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ 10 വർഷത്തേത് എന്നതിനുപകരം ഒരു വർഷത്തെ അംശദായം മുഴുവൻ അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ ഒട്ടനവധി ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതുപോലെതന്നെ ഡയറക്ടർ ബോർഡിൽ ആകെ 22 പേരെന്നാണ് പറയുന്നത്. അതിൽ ആറുപേർ സിനിമാ-നാടക രംഗത്തുള്ളവരാണ്. അനൗദ്യോഗിക അംഗങ്ങൾ 10 പേർ. ഈ പത്തുപേരിൽ ആറുപേരും സിനിമാ-നാടക രംഗത്തുള്ളവർ എന്ന് പറയുമ്പോൾ വളരെ കുറച്ച് ആളുകളെ വരാനിടയുള്ളൂ. എങ്കിലും സിനിമാ രംഗത്തുനിന്ന് ആറ് പേർ, ടെലിവിഷൻ രംഗത്തുനിന്ന് രണ്ടുപേർ, ബാക്കി ആളുകൾ വരുന്നത് സംഗീതം, സാഹിത്യം തുടങ്ങിയ രംഗത്തുനിന്നാണ്. അപ്പോൾ പത്ത് ആളുകളിൽ യഥാർത്ഥത്തിൽ ആറും രണ്ടും എട്ടുപേർ വരുന്നത് സിനിമാ, ടെലിവിഷൻ രംഗത്തുനിന്നാണ്. ഇവരൊക്കെത്തന്നെ സമൂഹത്തിൽ വലിയ സ്വാധീനമുള്ള ആളുകളാണ്. അപ്പോൾ അതിനകത്ത് നാടൻ കലാകാരൻമാർക്കും, മാപ്പിള കലാകാരൻമാർക്കും യാതൊരു പ്രാതിനിധ്യവുമില്ല. യഥാർത്ഥത്തിൽ അവശകലാകാരൻമാരായിട്ടുള്ള ആളുകൾ ഇക്കൂട്ടത്തിലുണ്ട്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ നാടൻകലയും അനുഷ്ഠാനകലയും മാപ്പിളകലകളുമൊക്കെ സമ്പാദിക്കാനിടയായ ആളുകൾ ധാരാളമുണ്ട്. അവർ യഥാർത്ഥത്തിൽ പ്രൊഫഷണലല്ല. കലയോടുള്ള അദമ്യമായ ആവേശംകൊണ്ട് പഠിച്ചുപോയ കലാകാരൻമാർ അത് പരിശീലിപ്പിക്കുകയും കളിച്ചുവരുന്ന നിലയിൽ അതിനെയിച്ചുവരുന്നുവെന്നുമല്ലാതെ ഒരു ജീവിതമാർഗ്ഗമായി അവർക്ക് നല്ലനാളുകളിൽപ്പോലും ഒരു പ്രയോജനവും ലഭിച്ചിരിക്കില്ല. അപ്പോൾ അതുകൊണ്ട് ഈ കാലഘട്ടത്തിലെങ്കിലും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധിയുണ്ടായില്ലായെങ്കിൽ വന്പൻമാരായ ആളുകൾ വന്നാൽ ഇവരുടെ കാര്യം സംസാരിക്കാൻ ആളുകളുണ്ടാകുകയില്ല. ആകെ നാടൻകലയിൽ അക്കാദമിയിൽനിന്നുള്ള സെക്രട്ടറി മാത്രമാണ് ഇതിൽ വരുന്നത്. അതേസമയം സിനിമാരംഗത്തുനിന്ന് പിന്നെയും വേറെ രണ്ടുപേർ വരുന്നുണ്ട്. ഉദ്യോഗസ്ഥൻമാരും സിനിമാരംഗത്തുനിന്നും ചലച്ചിത്ര അക്കാഡമിയിൽനിന്നും ഒക്കെ എട്ട് ആളുകളുണ്ടാകുമ്പോൾ ഇവിടെ ബഹുഭൂരിപക്ഷം വരുന്ന അവഗണിക്കപ്പെട്ടവരും പാവപ്പെട്ടവരെന്നുതന്നെ വിശേഷിപ്പിക്കാവുന്ന അനുഷ്ഠാന കലാകാരൻമാർ, നാടൻകലാകാരൻമാർ എന്നീ വിഭാഗത്തിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കാൻകൂടി അങ്ങ് പരിശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ നിയമനങ്ങൾ മുഴുവനും യൂണിവേഴ്സിറ്റിയിലേതടക്കം പി.എസ്.സി.യിലേക്ക് വിടുകയാണ് ഗവൺമെന്റിന്റെ പോളിസി എന്ന് ഞാൻ മനസ്സിലാക്കുന്നു. നിയമനത്തെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഇതിലും കുറച്ച് പോസ്റ്റുകളൊക്കെ വരാനിടയുണ്ടല്ലോ. അതുകൊണ്ട് നിയമനം പി.എസ്.സി.-ക്ക് വിടുമെന്നുള്ളത് എഴുതിച്ചേർക്കുന്നത് നല്ലതാണ്. നിയമനം പി.എസ്.സി.-ക്ക് വരുന്നതുവരെയുള്ളതിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥ കൊണ്ടുവരുന്നത് നല്ലതാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഇതിലേക്ക് സംഭാവന നൽകാനിടയുള്ള കോടികൾ സമ്പാദിക്കുന്ന സൂപ്പർ സ്റ്റാറുകൾക്ക് ഇൻകം ടാക്സ് ഇളവ് ലഭിച്ചാൽ അട്രാക്ഷൻ കൂടും. അപ്പോൾ അവർക്ക് ഇൻകം ടാക്സ് ഇളവ് കൊടുത്തുകൊണ്ട് സംഭാവന പിരിക്കുകയാണെങ്കിൽ തരാൻ അവർക്ക് പ്രത്യേകമായ താത്പര്യമുണ്ടാകും. അതുകൊണ്ട് സെക്ഷൻ 80-യുടെ അട്രാക്ഷൻ കൂടി ഇതിൽ വയ്ക്കുകയും ഇതിലേക്ക് സംഭാവന നൽകിയാൽ ഇൻകം ടാക്സ് ഒഴിവാക്കിത്തരാമെന്നുള്ള ഒരു പ്രൊവിഷൻ കൂടി ഇതിനകത്തുവയ്ക്കുകയും ചെയ്താൽ സ്വാഭാവികമായും അംശദായത്തിനു പുറമെ വരുമാനം വർദ്ധിക്കാനുമിടയാകുമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സമൂഹത്തിലെ കലയേയും മനുഷ്യരെയുമൊക്കെ സ്നേഹിക്കുകയും രസിപ്പിക്കുകയും ചെയ്ത ഈ കലാകാരൻമാർക്കുവേണ്ടി ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ മുന്നോട്ടുവന്ന അങ്ങയെ ഞാൻ അഭിനന്ദിക്കുകയും ഇതിലുള്ള ചെറിയ പോരായ്മകൾ പരിഹരിച്ചുകൊണ്ട് സമ്പന്നവും സമ്പൂർണ്ണവുമാക്കിത്തീർക്കാൻ കഴിയണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഈ നിയമസഭയിൽ ശ്രീ. എം. മുരളി സ്വകാര്യബില്ലായി പലതവണ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ ഇപ്പോൾ മന്ത്രി കൊണ്ടുവന്നതിൽ ആദ്യമായി ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു സമീപകാലത്ത് നിരവധി ഉന്നതരായ കലാകാരൻമാരുടെ ജീവിതാവസാനകാലത്ത് അവർ അനുഭവിക്കുന്ന ജീവിതപ്രയാസങ്ങൾ മാധ്യമങ്ങളിലൂടെ വന്നതുകണ്ട് വേദനിച്ചവരാണ് നമ്മൾ. അതുകൊണ്ടുതന്നെ അവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ഇത്തരത്തിൽ ഒരു ബിൽ വളരെ അനിവാര്യമായിരുന്നു. ശ്രീ. എം. ഉമ്മർ ഈ ബില്ലിൽ വിയോജനക്കുറിപ്പ്

LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തിക്കൊണ്ട് സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രമേ ആവർത്തിക്കുന്നുള്ളു. ഈ ബില്ലിൽ പറയുന്ന ക്ഷേമനിധി നിലവിൽ വരുന്നതോടുകൂടി അവശകലാകാരൻമാർക്ക് നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന പെൻഷൻ തുടരുമോ അതോ അവസാനിക്കുമോ എന്നുള്ളതിന് വ്യക്തതയുണ്ടാകണം. അവശകലാകാരൻ എന്നൊരു പ്രയോഗം ഒഴിവാക്കുമെന്ന് അങ്ങുതന്നെ മുമ്പ് ഈ സഭയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. അവർ അവശകല കൈകാര്യം ചെയ്യുന്നവരുമല്ല, അവശകലാകാരൻമാരുമല്ല. ജീവിതത്തിൽ ശാരീരികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്നു എന്നതിന്റെ പേരിൽ അവശകലാകാരൻമാരെന്ന് അവരെ വിശേഷിപ്പിക്കുന്നത് ഒരിക്കലും പൊറുക്കാൻ കഴിയുന്ന ഒരു കാര്യമല്ല. അതുകൊണ്ട് അടിയന്തിരമായി അവശകലാകാരൻമാർ എന്നുള്ള പ്രയോഗം ഒഴിവാക്കുകയും ഈ ക്ഷേമനിധി വരുന്നതോടുകൂടി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന പെൻഷൻ തുടരുകയാണെങ്കിൽ തീർച്ചയായും ആ തുക വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. 500 രൂപയായിരുന്നത് വർദ്ധിപ്പിച്ചുയെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുന്നുവെങ്കിൽ പോലും ആ തുക അവരുടെ ജീവിത ചെലവുകൾക്കോ മരുന്ന് വാങ്ങിക്കുന്നതിനോ ആശുപത്രി ചെലവുകൾക്കോ തികയാറില്ല. മഹാനായ കലാകാരനായ സുരാസുവിനെക്കുറിച്ച് എന്റെ പ്രിയപ്പെട്ട സ്നേഹിതൻ അബ്ദുൾ ഖാദർ സൂചിപ്പിക്കുകയുണ്ടായി. ഈ ചെറിയ തുക കിട്ടാതെവരുമ്പോൾ അദ്ദേഹത്തെ പോലെയുള്ള വലിയ കലാകാരൻമാർ അനുഭവിച്ചിരുന്ന പ്രയാസങ്ങൾ എത്ര വലുതായിരുന്നു എന്നതിനെ സംബന്ധിച്ച് ഞങ്ങൾ പരസ്പരം സംസാരിച്ചിട്ടുണ്ട്. വളരെ തുച്ഛമായ തുകയാണ് ഇപ്പോൾ കൊടുക്കുന്നത്. ഈ കലാകാരൻമാർക്ക് കൊടുക്കുന്ന പെൻഷൻ തുക തീർച്ചയായും വർദ്ധിപ്പിക്കാനുള്ള തീരുമാനം അടിയന്തരമായി കൈക്കൊള്ളണം. ഇവർ അവരുടെ ജീവിതത്തിന്റെ നല്ലകാലത്ത് മറ്റേതെങ്കിലും തൊഴിൽ ചെയ്യാൻ പോയിരുന്നുവെങ്കിൽ നല്ല നിലയിൽ ജീവിക്കാൻ കഴിയുമായിരുന്ന പ്രതിഭയുള്ള ആളുകളായിരുന്നു. കലയെ സമർപ്പണത്തോടുകൂടി സമീപിക്കുകയും കലയ്ക്കുവേണ്ടി ജീവിതം മാറ്റിവയ്ക്കുകയും ചെയ്ത ആളുകളെന്ന നിലയിൽ അവർ നമ്മുടെ സമൂഹത്തിന്റെ സമ്പത്തുകളാണ്. ആ സമ്പത്തുകളെ സംരക്ഷിക്കാനുള്ള സാമൂഹ്യമായ ഉത്തരവാദിത്വവും ബാധ്യതയും നമുക്കുണ്ട്. ആ കാര്യത്തിലൊരു മുന്തിയ പരിഗണന നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ ഡ്യൂപ്പുകളെ കുറിച്ചും എക്ട്രാ നടന്മാരെക്കുറിച്ചും നടിമാരെക്കുറിച്ചും ഡബ്ബിംഗ് ആർട്ടിസ്റ്റുകളെക്കുറിച്ചും പറഞ്ഞു. ഇതിനകത്ത് മിമിക്രി കലാകാരന്മാരെക്കുറിച്ച് എവിടെയും പരാമർശിക്കുന്നില്ല. മിമിക്രി ഒരു മഹത്തായ കലാരൂപമാണ് എന്നൊന്നും പറയുന്നില്ല. പക്ഷേ മിമിക്രി എന്ന് പറയുന്ന കലാ മേഖലയിൽ പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് ആളുകൾ നമ്മുടെ നാട്ടിലുണ്ട്. മലയാള സിനിമയിൽ ഇപ്പോഴുള്ള പല മഹാന്മാരായ നടന്മാരും ശ്രീ. കൊച്ചിൻ ഹനീഫ, ജഗതി, ദിലീപ്, കലാഭവൻ മണി, മരിച്ചുപോയ എൻ. എഫ്. വർഗ്ഗീസ് അടക്കമുള്ള നിരവധി ആളുകൾ മിമിക്രി എന്ന കലാരൂപത്തിൽ നിന്നും സിനിമ എന്ന മുഖ്യധാരയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

വന്നവരാണ്. മിമിക്രി കലാകാരന്മാരായിട്ടുള്ള പതിനായിരക്കണക്കിന് കലാകാരന്മാർ കേരളത്തിലുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ മറ്റ് പല കലാരൂപങ്ങളെ ഉൾക്കൊള്ളിച്ചപ്പോഴും ഇത് ഉൾക്കൊള്ളിക്കാൻ വിട്ടുപോയതാണ്. അതുകൊണ്ട് മിമിക്രി കലാകാരന്മാരെയും ഈ ക്ഷേമനിധിയുടെ പരിധിയിലേയ്ക്ക് കൊണ്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറ്റൊരു കാര്യം ഡയറക്ടർ ബോർഡിൽ സിനിമയ്ക്ക് വലിയ പ്രാധാന്യമുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ മീറ്റിംഗിലും ഞങ്ങൾ അത് പറഞ്ഞിരുന്നു. സിനിമാ മേഖലയിൽ നിന്നുള്ള ആളുകളുടെ ഒരു അതിപ്രസരം ഈ ഡയറക്ടർ ബോർഡിലുണ്ട്. മറ്റ് കലകളിൽ പ്രയാസം അനുഭവിക്കുന്ന കലാകാരന്മാർ താരതമ്യേന സിനിമാ മേഖലയുമായി തട്ടിച്ചുനോക്കുമ്പോൾ കുടുതലായി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. സിനിമാ മേഖലയിൽ നിന്നുള്ള പ്രതിനിധികളായ ടെക്നിഷ്യന്മാർ, സംവിധായകന്മാർ, നടന്മാർ, നിർമ്മാതാക്കൾ എന്നിവർ സിനിമാ അക്കാഡമികളിൽ നിന്നെല്ലാം കൂടി വരുമ്പോൾ ഈ ക്ഷേമനിധി ഒരു സിനിമാ മയമായി മാറുകയാണ്. അതുകൊണ്ട് മറ്റ് മേഖലകളിൽ നിന്നും കൂടുതൽ ആളുകളെ ഡയറക്ടർ ബോർഡിൽ ഉൾക്കൊള്ളിക്കാനുള്ള ഒരു തീരുമാനം ഉണ്ടാകണം. അതോടൊപ്പം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് സമാനതകളില്ലാത്ത ഒരു പ്രവർത്തനമാണ് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം നടത്തിയ സാംസ്കാരിക മുന്നേറ്റം. മഹാനായ പി. എൻ. പണിക്കർ സാറിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആരംഭിച്ച ഗ്രന്ഥശാലാ പ്രസ്ഥാനം നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ സാംസ്കാരിക പ്രവർത്തനമാണ്. അതുകൊണ്ടുതന്നെ ഇതിൽ സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിച്ച ലൈബ്രറികളുടെ ലൈബ്രേറിയന്മാരെക്കൂടി ഈ ക്ഷേമനിധിയുടെ പരിധിയിലേക്ക് കൊണ്ടുവരാനുള്ള തീരുമാനം അങ്ങേയറ്റം സ്വാഗതാർഹമാണ്. ചലച്ചിത്ര അക്കാഡമി, കെ.എസ്.എഫ്.ഡി.സി., നാടൻ കലാ അക്കാഡമി തുടങ്ങിയ സമിതികളിലേക്ക് വന്നതുപോലെ ഇതിന്റെ ഡയറക്ടർ ബോർഡിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഒരു പ്രതിനിധിയെ കൂടി ഉൾക്കൊള്ളിക്കുന്ന കാര്യവും കൂടി പരിഗണിക്കണം. മറ്റ് പ്രധാനപ്പെട്ട നിർദ്ദേശങ്ങളെല്ലാം ഇവിടെ വന്നുകഴിഞ്ഞു.

സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട ഒരു ബില്ലിന്റെ ചർച്ചയായതുകൊണ്ടും ഈ കാര്യം സൂചിപ്പിക്കാൻ ഒരു അവസരമില്ലാത്തതുകൊണ്ടും ഇന്നത്തെ മംഗളം പത്രത്തിൽ വന്ന ഒരു വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാ ഗ്രഹിക്കുന്നു. ബാലഭവൻ വെട്ടിമുറിക്കുന്നു. നഗരത്തിൽ കുട്ടികൾക്കുണ്ടായിരുന്ന ഏക കലാതുരുത്ത് നശിക്കുന്നു. സംസ്ഥാന ഫിലിം ഫെസ്റ്റിവൽ നടത്താൻ ഒരു സ്ഥിരം സംവിധാനം തിരുവനന്തപുരത്ത് ഉണ്ടാകണമെന്നത് സംബന്ധിച്ച് ഇവിടെ ഞാൻ തന്നെ ഒരു ശ്രദ്ധ ക്ഷണിക്കലിലൂടെ അങ്ങയോട് ആവശ്യപ്പെട്ടിരുന്നു. ആ സ്ഥിരം സംവിധാനം വരുന്നതിനായി ബാലഭവൻ വക സ്ഥലം എടുക്കാനുള്ള തീരുമാനം ഇപ്പോഴുള്ള ബാലഭവന്റെ പ്രവർത്തനങ്ങളെ വളരെ ദോഷമായി ബാധിക്കുമെന്നുള്ള ഒരു ആശങ്ക ബാലഭവന്റെ പ്രവർത്തകർക്കുണ്ട്. മാത്രവുമല്ല, ഇപ്പോൾ തന്നെ പലതരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ബിഷനുകളും വ്യാപാരമേളകളും ബാലഭവൻ പരിസരത്ത് സംഘടിപ്പിക്കുന്നതുമൂലം ബാലഭവന്റെ അന്തരീക്ഷം ഇല്ലാതാകുന്ന ഒരു സാഹചര്യവും നിലവിലുണ്ട്. അതിന്റെ കൂടെ ബാലഭവന്റെ സ്ഥലവും ഈ പറഞ്ഞ സാംസ്ക്കാരിക സമുച്ചയത്തിന് വേണ്ടി മാറ്റിവക്കപ്പെടുമ്പോൾ ബാലഭവൻ ഫലത്തിൽ ഇല്ലാതാകുമോ എന്നുള്ള സാംസ്കാരിക പ്രവർത്തകരുടെ ആശങ്ക ദൂരീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരാനെടുത്ത അങ്ങയുടെ താല്പര്യത്തെ ആത്മാർത്ഥമായി അഭിനന്ദിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010, പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി പ്രൊഫ. സി. രവീന്ദ്രനാഥിനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു. വാക്കുകൾ കൊണ്ട് പറയാൻ പറ്റാത്തത്ര അഭിമാനത്തോടുകൂടിയാണ് ഈ ബില്ലിന്റെ ചർച്ചയിൽ ഞാൻ പങ്കെടുക്കുന്നത്. ഇങ്ങനെ ഒരു നിയമം വരുന്നുണ്ട് എന്ന കാര്യം കലാകാരന്മാരുടെയൊക്കെ നിരവധി സദസ്സുകളിൽ ഞാൻ അവതരിപ്പിക്കുകയുണ്ടായി. പലരും പൊട്ടിക്കരയുകയാണ് ചെയ്യുന്നത്. എറ്റവും അവസാനം തൃശൂരിൽ വച്ച് നാല്പത്-നാല്പത്തിയഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ഒരു കളമെഴുത്ത് നടത്തുകയുണ്ടായി. കലാകാരന്മാർക്ക് ഇതിൽ ചേരാം എന്നൊക്കെ വന്നപ്പോൾ അവരൊക്കെ വികാരംകൊണ്ട് വാക്കുകൾ വരാതെ അത്രയേറെ സന്തോഷത്തിലായിരുന്നു. എന്തായാലും നമ്മുടെ രാജ്യത്തോ ലോകത്തിലെ മറ്റേതെങ്കിലും രാജ്യങ്ങളിലോ ഇതുപോലൊരു ശ്രമം നടത്തിയിട്ടുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്നാൽ ഇന്ത്യയിൽ ആദ്യമായിട്ടാണ് കലാകാരന്മാരെയും സാഹിത്യകാരന്മാരെയും സാംസ്കാരിക പ്രവർത്തകരെയുമൊക്കെ അംഗീകരിക്കുന്ന ഒരു നിയമം ഉണ്ടാകുന്നത്, ഒരു ക്ഷേമനിധി ഉണ്ടാകുന്നത്. കലാകാരന്മാരെയും സാംസ്കാരിക നായകന്മാരെയും സാഹിത്യകാരന്മാരെയും ഒക്കെ അംഗീകരിക്കുക, അവരെ സഹായിക്കുക, അവരെ പ്രോത്സാഹിപ്പിക്കുക എന്നൊക്കെ പറയുന്നത് ഒരു സമൂഹത്തിലെ സംസ്കാരത്തിന്റെ ലക്ഷണമാണ്. ഇടതുപക്ഷ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന് ഏതെന്ന് ചോദിച്ചാൽ കേരളം ചിലപ്പോൾ നന്നായി ഓർക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് ഇതായിരിക്കും എന്ന് ഞാൻ തീർച്ചയായും പറയും. കാരണം നിരവധി ആളുകൾ ഇതിന്റെ ഗുണഫലം അനുഭവിക്കാൻ പോകുകയാണ്.

ഈ സന്ദർഭത്തിനും ഒരു പ്രത്യേകതയുണ്ട്. നമ്മുടെ മലയാളം അങ്ങേയറ്റം അപമാനിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ഇന്ത്യയിൽ ക്ലാസിക് ഭാഷകളെ നിശ്ചയിച്ചപ്പോൾ മലയാളം തഴയപ്പെട്ടു. ആ മലയാളം തഴയപ്പെട്ടതിനെതിരെ നമ്മുടെ പ്രധാനപ്പെട്ട സാഹിത്യനായകന്മാരും സാംസ്കാരിക നായകന്മാരുമൊക്കെ ഡൽഹിയിൽ ചെന്ന് പ്രധാനമന്ത്രിയെ കണ്ടു. കഴിഞ്ഞ ദിവസം ശ്രീ. ഒ.എൻ.വി. കുറുപ്പ് നേരിട്ട് സംസാരിച്ചതാണ്. അവിടെവച്ച് പ്രധാനമന്ത്രി ഈ കാര്യം വീണ്ടും പരിഗണിക്കാമെന്ന് സമ്മതിച്ചു. പക്ഷേ പരിഗണിച്ചില്ല.

4.00 PM]

LIBRARY ARCHIVES Kerala Legislative Assembly

മലയാളത്തെ അങ്ങേയറ്റം ചവിട്ടിത്താഴ്ത്തുകയും അപമാനിക്കുകയും ചെയ്യുന്ന ഒരു സന്ദർഭത്തിൽ ഇതാ മലയാളത്തിലെ എഴുത്തുകാരെയും സാഹിത്യകാരന്മാരെയും സാംസ്കാരിക നായകന്മാരെയും എല്ലാം അംഗീകരിക്കുന്ന ഒരു നിയമം ഉണ്ടാകുന്നു എന്ന് പറഞ്ഞാൽ അത് ഏറ്റവും സന്ദർഭോചിതമാണ്. മന്ത്രിയെയും ഈ ഗവൺമെന്റിനെയും എത്ര പ്രകീർത്തിച്ചാലും മതിയാവില്ല. ചെറിയ ചില കൂട്ടിച്ചേർക്കലുകൾ കൂടി ഇതിൽ വേണമെന്ന് തോന്നുന്നു. അത് സന്ദർഭമനുസരിച്ച് ചെയ്താൽ മതി. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ ഗ്രന്ഥശാലാ സംഘം നമ്മുടെ നാട്ടിലുണ്ടാക്കിയ മാറ്റം ഒരിക്കലും നമുക്ക് വിസ്മരിക്കാനാവില്ല. 100 കൊല്ലങ്ങൾക്ക് മുമ്പ് സ്വാമി വിവേകാനന്ദൻ ഈ കേരളത്തിൽ വന്ന് കേരളത്തെ ഭ്രാന്താലയമെന്നാണ് വിളിച്ചത്. സ്വാമി വിവേകാനന്ദൻ കൽക്കട്ടയിൽ നിന്നും നേരിട്ട് പ്ലെയ്നിലോ കപ്പലിലോ കയറി കേരളത്തെ മാത്രം വന്നുകണ്ട് വിളിച്ച പേരല്ല അത്. ഇന്ത്യാ രാജ്യം മുഴുവൻ ചുറ്റി സഞ്ചരിച്ച് പാകിസ്ഥാനിലും ബംഗ്ലാദേശിലുമുള്ള പ്രദേശങ്ങളടക്കം കണ്ടിട്ട് ആ പ്രദേശങ്ങളെയൊന്നും വിളിക്കാൻ തോന്നാത്ത ഒരു പേരാണ് ഈ കേരളത്തെ നോക്കി വിളിച്ചത്. അത്രയേറെ ഇരുളടഞ്ഞതായിരുന്നു ഈ കേരളം. അവിടുന്ന് ഇന്ന് നൂറ് കൊല്ലം കഴിയുമ്പോഴേക്കും കേരളത്തെ ലോകം വിളിക്കുന്ന പേര് ദൈവങ്ങളുടെ സ്വന്തം നാട് എന്നാണ്. ഭ്രാന്താലയത്തിൽ നിന്നും ദൈവങ്ങളുടെ സ്വന്തം നാട് എന്ന അവസ്ഥയിലേക്ക് കേരളം മാറിയിട്ടുണ്ടെങ്കിൽ അതിന് ചില കാരണങ്ങളും ഇടപെടലുകളുമൊക്കെയുണ്ട്. തീർച്ചയായും സാമൂഹ്യ പരിഷ്കർത്താക്കളായ ശ്രീനാരായണ ഗുരുദേവനും അയ്യങ്കാളിയും അബ്ദു മുസല്യാരും ഹെർമൻ ഗുണ്ടർട്ടിനുമെല്ലാം അവരുടേതായ പങ്കുകളുണ്ട്. പക്ഷേ കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ കുറിച്ച് ഒരിക്കലും നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ശ്രീ. പി. എൻ പണിക്കരായാലും അതിന് മുമ്പായാലും കേരളത്തിന്റെ മുക്കിലും മൂലയിലും ശാസ്ത്ര സാങ്കേതിക നേട്ടത്തിന്റെ ഒരു തുമ്പ് പോലും കടന്നുചെല്ലാത്ത കുഗ്രാമങ്ങളിൽ പോലും വായനശാലകൾ ഉണ്ടായിരുന്നു. ആ വായനശാലകളിൽ ഉള്ള പുസ്തകങ്ങൾ വായിച്ചുവളർന്ന് നിരവധി തലമുറകളാണ് കേരളത്തെ മറ്റെല്ലാ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു അവസ്ഥയിലേക്ക് എത്തിച്ചത്. ആ ഗ്രന്ഥശാലാ പ്രസ്ഥാനം വളരെ പ്രയാസങ്ങൾ അനുഭവിച്ച് ത്യാഗമനോഭാവത്തോടുകൂടി പ്രവർത്തിച്ചുവന്നു. ഇന്നിപ്പോൾ അതിന് ഒരു നിയമമുണ്ട്. ഒരു സംവിധാനമുണ്ട്. ഗ്രാന്റുണ്ട്. അതൊക്കെ ശരിയാണ്. പക്ഷേ ആ സമൂഹത്തിൽ അവർ വരുത്തിയ മാറ്റം ഒരിക്കലും വിസ്മരിക്കാനാവില്ല. കേരളത്തിൽ സാംസ്കാരിക പ്രവർത്തകരെ നിർവ്വചിക്കുമ്പോൾ അതിൽ ഗ്രന്ഥശാലാ പ്രവർത്തകരില്ല എന്ന് പറഞ്ഞാൽ അത് ഒരു വലിയ കുറവാണ്. തീർച്ചയായും കമ്മിറ്റി ചേർന്ന് ലൈബ്രേറിയന്മാരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്രയും നല്ല കാര്യം. ആയിരം രൂപയാണ് ലൈബ്രേറിയന്മാർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അവർ ശാശ്വതമായി ആ സ്ഥാനത്ത് നിൽക്കാനുള്ള സാദ്ധ്യത കുറവാണ്. മറ്റ് തൊഴിൽ ലഭിക്കുമ്പോൾ അവർ മാറിപ്പോകും. ഗ്രന്ഥശാലാ പ്രവർത്തകർ, ഗ്രന്ഥശാലയ്ക്ക് നേതൃത്വം കൊടുക്കുന്നവർ വളരെ പ്രയാസം സഹിച്ചുതന്നെ ആ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ട് ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം വക്കുകയാണ്. മണ്ട് 65ം ആയ പത്ത് കൊല്ലം ഗ്രന്ഥശാലാ സംഘത്തിന്റെ ഏതെങ്കിലും ഭാരവാഹിത്വത്തിൽ ഇരുന്ന ആളുകളെയൊക്കെ ഇതിൽ ഉൾപ്പെടുത്തണം. അത് ന്യായമായും ചെയ്യേണ്ട ഒരു കാര്യമാണ്. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. രാജു : സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ എക്സിക്യൂട്ടീവ് അംഗമായി അങ്ങ് പ്രവർത്തിക്കുന്നതാണല്ലോ. ഏഴായിരത്തോളം ലൈബ്രറികളുണ്ട് എന്ന് അങ്ങ് സൂചിപ്പിച്ചു. ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡിൽ സിനിമാ രംഗത്തുനിന്നുമാത്രം ആറുപേരെ നിർദ്ദേശിച്ചിരിക്കുകയാണ്. യാഥാർത്ഥത്തിൽ അതിന്റെ ആവശ്യമുണ്ടോ? ഏഴായിരത്തോളം ലൈബ്രേറിയന്മാർക്ക് അതിൽ അംഗത്വം കൊടുക്കാൻ കഴിയുമെന്ന സ്ഥിതി ഇപ്പോൾ വന്നല്ലോ ? ആ സാഹചര്യത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഒരു പ്രതിനിധിയെ കൂടി ഇതിന്റെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തേണ്ടത് തികച്ചും ന്യായമായ ഒരു സംഗതിയല്ലേ ?

ശ്രീ. ബാബു എം. പാലിശ്ശേരി : ന്യായമായതാണെന്നു മാത്രമല്ല ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിക്കുകയും ചെയ്ത കാര്യവുമാണ്. ആറായിരം-ഏഴായിരത്തോളം ലൈബ്രറികളുണ്ട്. മിക്കവാറും എല്ലാ ലൈബ്രറിയന്മാരും ഇതിൽ അംഗത്വം എടുക്കും എന്നുള്ള കാര്യം ഉറപ്പാണ്. അപ്പോൾ അത്രയും വലിയൊരു പ്രസ്ഥാനത്തിന്റെ ഒരു പങ്കാളിത്തം ഇതിന്റെ ബോർഡിൽ ഉണ്ടാകേണ്ടതാണ്. അത് പരിഗണിക്കപ്പെടേണ്ട കാര്യമാണ്. ഈ നിധിയിലേക്ക് കുറഞ്ഞത് മൂന്നു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചാൽ കുടുംബത്തിന് പെൻഷൻ നൽകുമെന്നുള്ള തീരുമാനം പറഞ്ഞു. വളരെ അവശരായിട്ടുള്ള മൂന്നു കൊല്ലം പോലും ജീവിച്ചിരിക്കാത്ത ആളുകളുണ്ട്. സാധിക്കുമെങ്കിൽ അത് ഒരു വർഷം എന്നാക്കി മാറ്റിയാൽ വലിയ ഉപകാരമായിരിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ക്ഷേമനിധി വളരെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ ദൗത്യമാണ് നിർവ്വഹിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ വലിയ ഒരു മാറ്റം തന്നെയാണ് ക്ഷേമനിധികൊണ്ട് ഉണ്ടാകാൻ പോകുന്നത്. 60 വയസ് വരെയുള്ളവർക്ക് മാത്രമേ ക്ഷേമനിധിയിൽ ചേരാൻ കഴിയുകയുള്ളൂ. കലാകാരന്മാർ, സാംസ്കാരിക പ്രവർത്തകർ, സാഹിത്യനായകന്മാർ എന്നിവരിൽ 60 വയസ്സു ആയിട്ടുള്ളയാളുകൾക്ക് ഈ ക്ഷേമനിധികൊണ്ട് എന്ത് പ്രയോജനം ലഭിക്കും എന്ന് പരിശോധിക്കേണ്ടതാണ്. 60 വയസ്സായ ആളുകൾ ഒരു നിശ്ചിത സംഖ്യ ഒറ്റത്തവണയായി അടയ്ക്കുകയോ രണ്ടോ മൂന്നോ തവണയായി അടയ്ക്കുകയോ ചെയ്താൽ പെൻഷൻ ലഭിക്കാനുള്ള ഒരു വ്യവസ്ഥ ഇതിൽ കൊണ്ടുവരുന്നതിനെ കുറിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. ബാബു എം. പാലിശ്ശേരി : അതിന്റെ വ്യവസ്ഥ ഇതിലുണ്ട്. 60 വയസ്സായ ആളുകൾ 10 വർഷക്കാലത്തേക്ക് അടയ്ക്കേണ്ട തുക ഒരുമിച്ചടച്ചാൽ അവർക്ക് ഈ ആനുകൂല്യം ലഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 10 വർഷം എന്നു പറഞ്ഞതിൽ ചില ചുരുക്കലുകൾ നടത്താൻ സാധിക്കുമെങ്കിൽ ചെയ്യേണ്ടതുണ്ട്. അതുപോലെ ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ് എന്ന് പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പ്രാദേശികത പറയുന്നു എന്ന് കരുതരുത്. സാംസ്കാരിക സ്ഥാപനങ്ങളുടെ ഒക്കെ കേന്ദ്രം തൃശ്ശൂരാണ്. തൃശ്ശൂരിനെയാണ് സാംസ്കാരിക തലസ്ഥാനം എന്ന് നമ്മളൊക്കെ വിളിക്കുന്നത്. അതുകൊണ്ട് അങ്ങേയറ്റം അഭിമാനകരമായ സംഗതി നടക്കുമ്പോൾ അത് അക്കാഡമികളുടെയൊക്കെ ആസ്ഥാനമായ തൃശ്ശൂർ ആസ്ഥാനമാക്കുന്നതിൽ വിരോധമില്ലെങ്കിൽ അക്കാര്യം ഒന്ന് ചർച്ച ചെയ്യണ്ടതാണ്.

<u>ശ്രീ. ടി. പി. കുഞ്ഞുണ്ണി</u>: കലകളെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ തനതായ കളരിപ്പയറ്റ് ഉൾപ്പെടെയുള്ള ആയോധന കലകൾ കേരളത്തിലുണ്ട്. അത് ഉൾപ്പെടുത്തിയിട്ടില്ല. അതുകൂടി ഉൾപ്പെടുത്തേണ്ടതാണെന്ന അഭിപ്രായം അങ്ങേക്ക് തോന്നുന്നുണ്ടോ ?

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: അതും വേണ്ടതാണ്. കളരിപ്പയറ്റ് തീർച്ചയായും ഒരു കലയാണ്. അങ്ങയുടെ നേതൃത്വത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന കാര്യങ്ങളെല്ലാം ഉൾപ്പെടുത്തും എന്ന കാര്യത്തിൽ സംശയമില്ല. ഇങ്ങനെ ഒരു നിയമമുണ്ടാക്കാനും ഒരു ക്ഷേമനിധി നിലവിൽ വരുകയും ചെയ്യുന്നത് തന്നെ നടത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ നല്ല തുടർച്ചയാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷമെന്ന് പറയുന്നത് സാംസ്കാരിക രംഗത്ത് കേരളത്തിൽ ഏറ്റവും ഉണർവ്വുണ്ടായ കാലഘട്ടമാണ്. ഇത്രയേറെ സാംസ്കാരിക പ്രവർത്തനം നടന്ന ഒരു കാലഘട്ടവുമില്ല. ഞാനിന്ന് സഭയിൽ വന്നതുതന്നെ വൊട്ടെടുപ്പ് ഉള്ളതുകൊണ്ട് പങ്കെടുക്കാതിരിക്കാൻ നിവൃത്തിയില്ലാത്തുകൊണ്ടാണ്. എന്റെ മനസ്സ് മുഴുവൻ തൃശൂരിലാണ്. കാരണം തൃശൂരിൽ അന്തർദ്ദേശീയ നാടകോത്സവം നടക്കുകയാണ്. ലാറ്റിൻ അമേരിക്കൻ നാടകങ്ങളും ആഫ്രിക്കൻ നാടകങ്ങളും ജാപ്പനീസ് നാടകങ്ങളുമെല്ലാം തൃശൂരിൽ അരങ്ങ് തകർക്കുകയാണ്. ആ നാടകങ്ങളൊക്കെ ഭാവിയിൽ കാണാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നുമില്ല. അതെല്ലാം ഉണ്ടാക്കിതന്നത് സാംസ്കാരിക വകുപ്പാണ്. കഴിഞ്ഞ മൂന്നു വർഷമായി തൃശൂരിൽ നടക്കുന്ന അന്തർദ്ദേശീയ നാടകോത്സവം കാണാൻ അത്ഭുതകരമായ ജനക്കൂട്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും നാടകത്തെ ഇത്രയധികം സ്നേഹിക്കുന്നവരുകൾ ഉണ്ട് എന്ന തിരിച്ചറിവു പോലും വല്ലാത്ത കുളിർമ്മ നൽകുകയാണ്. അന്തർദ്ദേശീയ നാടകോത്സവം ഓരോ കൊല്ലം കഴിയുന്തോറും ഏറ്റവും മെച്ചപ്പെട്ടു വരുന്നു. തിരുവനന്തപുരത്ത് നടക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നായി മാറിക്കഴിഞ്ഞു. അന്തർദ്ദേശീയ ഹ്രസ്വചിത്ര ഡോക്യുമെന്ററി മേള പുതിയതായി ആരംഭിച്ചിരിക്കുകയാണ്. പങ്കെടുക്കുന്നവരുകൾക്ക് അതും സംതൃപ്തി നൽകുന്ന ഒന്നാണ്. അത്ഭുതകരമായ ചിത്രങ്ങളാണ് ഡോക്യുമെന്ററി മേളയിൽ കണ്ടുകൊണ്ടിരിക്കുന്നത്. സിനിമയുടെ അനന്ത സാദ്ധ്യതകൾ ലോകത്തിന്റെ പല പ്രദേശത്തുമുള്ളത് കാണാനുള്ള അവസരം സാംസ്കാരിക വകുപ്പ് ഇവിടെ ഉണ്ടാക്കി തരികയാണ്. ഇതൊക്കെ അങ്ങയെ പ്രകീർത്തിക്കാൻവേണ്ടി പറയുന്നതാണ് എന്ന് കരുതരുത്. ഇതൊക്കെ സാംസ്കാരിക വകുപ്പിന്റെ നേട്ടമാണ്. ആ നേട്ടം തീർച്ചയായും

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തിലെ ജനങ്ങളെല്ലാപേരും അറിയേണ്ടതാണ്. മലയാളത്തെ ഉകഴ്ത്താൻവേണ്ടി ശ്രമിക്കുന്ന സമയത്താണ് മലയാളം നമ്മുടെ അഭിമാനം എന്നു പറഞ്ഞുകൊണ്ട് സാംസ്കാരിക നായകന്മാരും കലാകാരന്മാരും പങ്കെടുത്ത് കേരളമൊട്ടാകെ ഒരു സാംസ്കാരിക യാത്ര നടത്തിയത്. മറ്റെല്ലാറ്റിനുമുപരിയായി മലയാളി എന്ന അഭിമാനം ഉണ്ടാക്കാൻ ആ സാംസ്കാരിക യാത്രയ്ക്ക് കഴിഞ്ഞു.

സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് നാലിരട്ടിയാക്കി. ഞാൻ അതിന് അങ്ങയെ പ്രകീർത്തിക്കുകയാണ്. ഞാൻ കലാമണ്ഡലത്തിന്റെ എക്സിക്യൂട്ടീവ് ബോർഡിലുള്ള ആളാണ്. കലാമണ്ഡലത്തിന് നാളിതുവരെ ലഭിച്ചിരുന്ന പരമാവധി തുക 1,70,00,000 രൂപയാണ്. ഈ വർഷം സംസ്ഥാന ഗവൺമെന്റിന്റെഭാഗത്തുനിന്നും ലഭിച്ചത് 5,50,00,000 രൂപയാണ്. സാഹിത്യ അക്കാഡമിക്കും സംഗീത നാടക അക്കാഡമിക്കുമൊക്കെ ഇതിനു മുൻപ് ലഭിച്ചിട്ടില്ലാത്തത്ര പദ്ധതി വിഹിതവും പണവും ലഭിക്കുന്നു. അതുകൊണ്ട് അവരുടെ മനസ്സിലുള്ള ആശയങ്ങളെല്ലാം നടപ്പിലാക്കാൻ സാധിക്കുന്നു. അതാണ് ഞാൻ നേരത്തേ പറഞ്ഞത്. അതുപോലെ തന്നെ കളമെഴുത്ത് കേരളത്തിലെ അൽപ്പം ചിലയാളുകളിൽ മാത്രം ഒതുങ്ങിക്കിടന്നിരുന്ന ഒന്നാണ്. അവിടെ സംഗീത നാടക അക്കാഡമിക്കൊക്കെ ബിൽഡിംഗുണ്ട് എന്നല്ലാതെ അതിന്റെ പ്രവർത്തനമൊന്നും ജനശ്രദ്ധ ആകർഷിക്കുന്ന വിധത്തിൽ വന്നിരുന്നില്ല. ഇപ്പോൾ ലളിതകലാ അക്കാഡമി കേരളത്തിൽ ഏറ്റവുമധികം പ്രവർത്തിക്കുന്ന ഒരു അക്കാഡമിയായി മാറി. നിരവധി പെയിന്റിംഗ് ഫെസ്റ്റിവലുകൾ, മേളകൾ ഇതെല്ലാം അവർ നടത്തിക്കൊണ്ടിരിക്കുന്നു. തൃശൂർക്കാർക്ക് ഒരു ദിവസമെങ്കിലും ഒരു സാംസ്കാരിക പരിപാടി ഇല്ലാത്ത സമയമില്ല. ഈ അക്കാഡമി തൃശൂർ കേന്ദ്രമാക്കി വിവിധ പ്രദേശങ്ങളിൽ പരിപാടികളെല്ലാം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിന് അവർക്ക് സാധിക്കുന്നത് തീർച്ചയായും ഇവിടെനിന്നുള്ള സഹായവും സാംസ്കാരിക വകുപ്പിന്റെ ഇടപെടലുമാണ്. കലാമണ്ഡലത്തെക്കുറിച്ച് പറയുമ്പോൾ, അതൊരു ഡീംഡ് യൂണിവേഴ്സിറ്റിയായി മാറിക്കഴിഞ്ഞു. അതിനാവശ്യമായ സഹായവും ഇടപെടലുമെല്ലാം അടിയന്തിരമായി അവർക്ക് ലഭിക്കേണ്ടതുണ്ട്. നേരത്തെ 150 കുട്ടികൾ ഉണ്ടായിരുന്നപ്പോൾ ഉള്ള സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ യൂണിവേഴ്സിറ്റിയായപ്പോഴും അവിടെ നിലനിൽക്കുന്നത്. കൂടുതൽ സ്റ്റാഫിനെ അനുവദിക്കാതെ അവിടെ മുന്നോട്ടു പോകാനാവില്ല. അക്കാര്യങ്ങളിൽ ആവശ്യമായ ഇടപെടൽ ഉണ്ടാവണം.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത് ഈ കാലഘട്ടത്തിലാണ്. അത് ചെറിയ കാര്യമല്ല. പൊടിയടിച്ചു കിടന്നിരുന്ന ഒരു സ്ഥാപനം ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന ഒരു കാലഘട്ടമായി ചരിത്രത്തിൽ മാറുന്നു എന്നു പറയുന്നത് ചെറുതല്ല. ഗുരുഗോപിനാഥ് നടന ഗ്രാമത്തിന്റെ നേതൃത്വത്തിൽ ഗുരുഗോപിനാഥ് ഡാൻസ് മ്യൂസിയത്തിനുവേണ്ടി 7,00,00,000 രൂപയാണ് നീക്കി വച്ചിട്ടുള്ളത്. അത് തീർച്ചയായും ഭാവിയിൽ നൃത്ത വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണമടക്കം ചെയ്യുന്നതിനുവേണ്ടി സഹായകമാകും എന്ന കാര്യത്തിൽ സംശയമില്ല. റിജിയണൽ തീയേറ്റർ കെ. ടി മുഹമ്മദ് സ്മാരക ഹാളാക്കി മാറ്റുകയും ഒരു കോടി രൂപ വച്ചുകൊണ്ട് നവീകരിക്കുകയും ചെയ്തു. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പതിനായിരക്കണക്കിന് ആളുകൾ സന്ദർശിക്കുന്ന പുസ്തകോത്സവമാണ് ഈ കാലഘട്ടത്തിനിടയിൽ നടത്തിയത്. പി. കെ. കാളൻ, നാടൻകലാരംഗത്ത് നൽകിയ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം ഏർപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി കലാഗ്രാമം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുകയും ചെയ്തു. അതുപോലെ ആധുനിക വിജ്ഞാപനവ്യാപന കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിച്ചു. ലോകത്തെവിടെയുമുള്ള വിജ്ഞാനം സാധാരണക്കാരന് ലഭിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സ്ഥാപനമായി അത് മാറിയിരിക്കുന്നു. തീർച്ചയായും ഇതിന്റെയെല്ലാം തുടർച്ചയായിട്ടാണ് സാംസ്കാരിക മേഖലയെ ആകെ സഹായിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന വിധത്തിലുള്ള ക്ഷേമനിധിയും സംവിധാനങ്ങളുമെല്ലാം വരുന്നത്. നേരത്തെ നിയമസഭയിൽ അവശ കലാകാരന്മാർ എന്ന പേര് മാറ്റി സർഗ്ഗകലാകാരന്മാർ എന്നാക്കുമെന്ന് ഒരു സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിരുന്നു. പേര് മാറ്റുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്.

പല ലോട്ടറികളും വേണ്ടത്ര വിജയിക്കാതിരുന്ന സന്ദർഭത്തിലാണ് ലോട്ടറി നടത്തി ഒന്നര കോടി രൂപയുണ്ടാക്കിയതും അത് ഈ ക്ഷേമനിധിക്ക് ഒരു മുതൽക്കൂട്ടായി മാറുന്ന സാഹചര്യമുണ്ടായതും. കേരളം അങ്ങയേയും അങ്ങയുടെ നേതൃത്വത്തിലുള്ള സാംസ്കാരിക വകുപ്പിനേയും ഒരിക്കലും വിസ്മരിക്കുകയില്ല. അത്രയധികം നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് ഒരു ക്ഷേമനിധിയും പ്രാബല്യത്തിൽ വരികയാണ്. കേരളത്തിൽ എനിക്ക് അടുത്ത ബന്ധമുള്ള നിരവധി ആളുകളുടെ വാക്കുകളാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്.

നേരത്തെ പറഞ്ഞതുപോലെ ഡയറക്ടർ ബോർഡിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തുമ്പോൾ ഒരു ഗ്രന്ഥശാല പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണം. സിനിമയും ടെലിവിഷനുമൊക്കെ പ്രധാനപ്പെട്ടതാണ്. അതിലുള്ളവർ കൊടുക്കുന്ന ഫീസിലും വ്യത്യാസമുണ്ട്. അതൊക്കെ നിലനിർത്തിക്കൊണ്ടു തന്നെ ഈ മേഖലയിൽനിന്നുള്ള ആളുകളെക്കൂടി അതിൽ ഉൾപ്പെടുത്തണം എന്നുകൂടി അഭ്യർത്ഥിക്കുന്നു. സാംസ്കാരിക കേരളത്തിന്റെ അഭിനന്ദനം അങ്ങയെ അറിയിച്ചുകൊണ്ട് ഈ ബില്ലിനെ പിൻതാങ്ങുന്നു.

<u>ശ്രീ. എം. മുരളി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010 വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കലാകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകന്മാരുടെയും ജീവിതത്തിന് സംരക്ഷണം കൊടുക്കാനുള്ള ഒരു ക്ഷേമനിധി ബിൽ അവതരിപ്പിച്ച സാംസ്കാരിക വകുപ്പുമന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുന്നു. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും കലാകാരന്മാർക്കും അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധർക്കും സാഹിത്യകാരന്മാർക്കും മറ്റ് സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഭാവിയിൽ ഒരു പെൻഷൻ പദ്ധതിയോടുകൂടിയ ക്ഷേമ നിധി ഏർപ്പെടുത്തുകയെന്നത് ഈ നിയമസഭയിൽ നിരവധി വർഷങ്ങളായിട്ട് മുഴങ്ങിക്കേൾക്കുന്ന ഒരു ആവശ്യമാണ്. സബ്മിഷനുകളും ശ്രദ്ധ ക്ഷണിക്കലും സ്വകാര്യ ബില്ലും ഒക്കെ അവതരിപ്പിച്ചുകൊണ്ട് ഈ ഒരാവശ്യം മുന്നോട്ട് വച്ചപ്പോൾ അത് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചതിനെ വീണ്ടും വീണ്ടും അഭിനന്ദിക്കുകയാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഈ അവശകലാകാരന്മാർ എന്ന പേര് മാറ്റുന്നത് മാത്രമല്ല പ്രസക്തം. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ ക്ഷേമനിധി നടപ്പിലാക്കുമ്പോൾ പെൻഷൻ സ്വീകരിക്കുന്നത് രണ്ടായിരത്തിൽത്താഴെ മാത്രം ആളുകളാണ്. ഓരോ വർഷവും സംഗീത നാടക അക്കാഡമിക്ക് ലഭിക്കുന്ന അപേക്ഷയിന്മേൽ അവർ ശിപാർശ ചെയ്ത് സാംസ്കാരിക വകുപ്പിന് നൽകുന്നതിൽ അനുമതി കൊടുക്കുന്നത് മരിച്ചു പോകുന്നവർക്കുള്ള പകരക്കാർക്ക് മാത്രമാണ്. എത്ര ക്രൂരമായ ഒരു സമീപനമാണ് വർഷങ്ങളായിട്ട് നമ്മൾ സ്വീകരിച്ച് വരുന്നത്. രണ്ടായിരത്തിൽ താഴെയുള്ള കലാകാരന്മാർക്കാണ് അവശതയുടെ പേരിൽ പെൻഷൻ അനുവദിച്ചുകൊണ്ടിരുന്നതെങ്കിൽ ഒരു വർഷം ഈ ലോകത്തോട് വിട പറയുന്നത് നൂറുപേരാണെങ്കിൽ അതേ നൂറ് പേരുടെ പകരക്കാർക്കാണ് പെൻഷൻ അനുവദിച്ചുകൊണ്ടിരുന്നത്. എന്നാൽ പതിനായിരക്കണക്കിന് അപേക്ഷകളാണ് അവശ കലാകാരന്മാർക്കുള്ള പെൻഷനുവേണ്ടി സംഗീത നാടക അക്കാഡമിയുടെ മുമ്പിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്നത്. അതിനും ഒരുപാട് പരിമിതികളുണ്ടായിരുന്നു. ഒടുവിൽ ഉണ്ണികൃഷ്ണൻ എന്ന കലാകാരന്റെ നിരാലംബയായ സഹധർമ്മിണിക്ക് 20,000 രൂപയിൽ കൂടുതലാണ് വാർഷിക വരുമാനം എന്ന് പറഞ്ഞുകൊണ്ട് ചലച്ചിത്ര അക്കാഡമി പെൻഷൻ നിഷേധിച്ച സംഭവം കുറേയധികം വിവാദങ്ങൾ ഉണ്ടാക്കിയിരുന്നു. ജീവിത സായാഹ്നത്തിൽ അഷ്ടിക്ക് വകയില്ലാതെ നരകയാതന അനുഭവിച്ച വിവിധ മേഖലകളിലെ കലാകാരന്മാർക്ക് പെൻഷൻ കൊടുക്കുന്നതിനുപോലും പരിമിതിയുണ്ടായിരുന്നു. അവശകലാകാരന്മാരുടെ പെൻഷൻ അത്തരത്തിൽ ഒരുപാട് പരാതികൾക്ക് ഇട നൽകിയ ഒരു പെൻഷൻ പദ്ധതിയായിരുന്നു. ആ സ്ഥാനത്താണ് സാംസ്കാരിക പ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതിയുൾപ്പെടെയുള്ള ക്ഷേമനിധി കടന്നു വരുന്നത്. അതിനെ സ്വാഗതം ചെയ്യുന്നു. ഇവിടെ മിമിക്രി-റേഡിയോ ആർട്ടിസ്റ്റുകളെയും ഡ്യൂപ്പുകളെയും ഡബ്ബിംഗ് ആർട്ടിസ്റ്റുകളെയും ആയോധനകല, കളരിപ്പയറ്റ് എന്നീ മേഖലകളിലും കേരളത്തിന്റെ ക്ലാസിക്കൽ കലകളിലുമുള്ളവർക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകണം. സിനിമ, സീരിയലുകൾ ഉൾപ്പെടെയുള്ള ആധുനിക കലാരംഗത്തൊക്കെ പ്രവർത്തിക്കുന്നവർക്കും ഗ്രന്ഥശാലാ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഈ ക്ഷേമനിധിയിൽ അംഗത്വം എടുക്കാമെന്നു വരുന്നത് വളരെ ആശ്വാസകരമായ ഒരു കാര്യമാണ്.

ഇവിടെ ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്ന സന്ദർഭത്തിൽ കുറെയേറെ നിർദ്ദേശം വന്നു. സബ്ജക്ട് കമ്മിറ്റി തലത്തിൽ കുറെ നിർദ്ദേശങ്ങൾ വന്നു. അതെല്ലാം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സാംസ്കാരിക പ്രവർത്തകർക്ക് മുഴുവൻ ഈ ക്ഷേമനിധിയുടെ പ്രയോജനം ലഭിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, വളരെ അവഗണിക്കപ്പെടുന്ന ഒരു വിഭാഗമാണ് സർക്കസ് കലാകാരന്മാർ. അവരെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. എം. മുരളി : ശ്രീ. കെ. ബാബു ചൂണ്ടിക്കാണിച്ചതുപോലെ സർക്കസ് തലമുറയുടേതോ അല്ലെങ്കിൽ മലബാറിന്റേതോ മാത്രം ഒരു കലയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : മുഖമില്ലാതെ കലാരംഗത്ത് നിൽക്കുന്ന ആൾക്കാരുണ്ട് സാന്താക്ലോസ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ പ്രാവശ്യം സാന്താ യാത്രയ്ക്ക് പോയി അതിൽനിന്ന് കുട്ടികളോടുള്ള പ്രസംഗം കേട്ടപ്പോഴാണ് എനിക്ക് അതും ഒരു നല്ല കലാപരിപാടിയായിട്ട് തോന്നിയത്. അങ്ങനെ മുഖമില്ലാതെ അഭിനയിക്കുന്ന സാന്താക്ലോസ്സുകളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടി വേണ്ടേ?

ശ്രീ. എം. മുരളി : ഡ്യൂപ്പുകളും ഡബ്ബിംഗ് ആർട്ടിസ്റ്റുകളും വരുമ്പോൾ മുഖമില്ലാത്തവരെയും അതിനകത്ത് ഉൾപ്പെടുത്താം ഒരു പ്രയാസവുമില്ല. കല, സാഹിത്യം, സംസ്കാരം ഈ മേഖലയുമായി ബന്ധപ്പെട്ടതാണ്. അതിനകത്ത് ഒരു തുറന്ന മനസ്സ് വേണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : മുഖമില്ലാത്ത ഒരാളുമില്ല. മുഖം മൂടിയാണ്. മുഖമില്ലാത്തവനെന്ന് പറയാൻ പറ്റില്ല. മുഖമുണ്ട്, പക്ഷേ മുഖംമൂടിയുണ്ടെന്നുള്ളതാണ്.

ശ്രീ. എം. മുരളി : മുഖം ഇല്ലാത്തവരും മുഖംമൂടിയിട്ടവരും എല്ലാം കലയ്ക്കുവേണ്ടിയാണ് അത് ചെയ്യുന്നതെങ്കിൽ അവരെയെല്ലാം കലാകാരന്മാരായിട്ട് അംഗീകരിച്ചുകൊണ്ട് അവരുടെ ജീവിതവും സേവനവും പരിഗണിച്ചുകൊണ്ട് ഈ ക്ഷേമനിധിയുടെ പരിധിയിലേക്കും കൊണ്ടുവരാം. ആദിവാസികലകളും അവശകലാകാരന്മാരുടെ പെൻഷന്റെ കാര്യത്തിൽ പരിഗണിച്ചുകൊണ്ടിരുന്ന ഒരു മേഖലയാണ്. പേരന്റ് ആക്ടിൽ ഓരോരോ കലാരംഗം എടുത്ത് പറഞ്ഞില്ലെങ്കിൽ പോലും ഗവൺമെന്റിന് അല്ലെങ്കിൽ ക്ഷേമനിധി ബോർഡിന് ഈ രംഗങ്ങളിലൊക്കെ പ്രവർത്തിച്ചിരുന്നവരെക്കൂടി ഉൾക്കൊള്ളിക്കാനുമുള്ള അധികാരം നൽകിക്കൊണ്ട് ഈ പാരന്റ് ആക്ട് പാസ്സാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അത് വേർതിരിക്കാതെ നമുക്കറിയാത്ത നിരവധിമേഖലകളുടെ ഒരു വശമുണ്ടാകാം. ആ മേഖലകളിലൊക്കെയുള്ള പുരാണപാരായണം എന്നൊക്കെ പറഞ്ഞുകൊണ്ട് നമ്മൾ ഇതിനകത്ത് ഇൻക്ലൂഡ് ചെയ്തിട്ടുണ്ട്. അത് ഒരു സ്ട്രിക്ട് സെൻസ്സിൽ എടുക്കേണ്ട കാര്യമല്ല. പെരുതും വലുതുമായ എല്ലാ കലാരംഗങ്ങളിലും സാംസ്കാരിക മേഖലയിലും പ്രവർത്തിച്ചിരുന്നവർ, അതിൽ ഗ്രന്ഥശാലാ സംഘം ഉൾപ്പെടെയുള്ള ഒരുപാട് സാംസ്കാരിക മേഖലകളുണ്ട്. ഒരു ജീവിതം മുഴുവൻ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നവർക്കെല്ലാം ഈ ക്ഷേമനിധിയുടെ സംരക്ഷണം ഉറപ്പ് വരുത്തത്തക്കരീതിയിൽ പേരന്റ് ആക്ട് പാസ്സാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സാധാരണ ക്ഷേമനിധിയിൽ നിന്ന് വ്യത്യസ്തമായിട്ട് ഇതിന്റെ അംശാദായം അടയ്ക്കുന്നതിനുള്ള ഒരു സംവിധാനം കുറച്ചുകൂടി മാറ്റം വരുത്തണം എന്ന അഭിപ്രായം അറിക്കുണ്ടോ. അംശാദായം അടയ്ക്കുന്നതിന് വീഴ്ച വരുമ്പോൾ പല ക്ഷേമപദ്ധതികളും മുടങ്ങിപ്പോകാറുണ്ട്. അത്തരത്തിൽ ഒരു മാറ്റം വരുത്തുന്നതിനെക്കുറിച്ചുള്ള ഒരു നിർദ്ദേശം അങ്ങേയ്ക്കുണ്ടോ ?

ശ്രീ. എം. മുരളി: പ്രധാനമായും രണ്ട് പോയിന്റുകൾ ഇതിനകത്ത് കംപാർട്ട്മെന്റലൈസ് ചെയ്യേണ്ടതുണ്ട്. കലയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും വേണ്ടി ജീവിതം ഒഴിഞ്ഞുവച്ച എല്ലാവരെയും പെൻഷന് അർഹരാക്കണമെങ്കിൽ ഇതിനകത്ത് കൊണ്ടു വരണം. ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ വരുമാന പരിധി വയ്ക്കരുത്. ജീവിത മാർഗ്ഗമുള്ളവർ ക്ഷേമനിധിയിൽ അംഗമാകാനും പെൻഷൻ സ്വീകരിക്കാനും വരികയില്ല. ജീവിതത്തിന്റെ വാതിലുകൾ അടഞ്ഞു പോയവരേ ഈ രംഗത്ത് വരികയുള്ളൂ. കാരണം കലാകാരന്മാരും സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും അഭിമാനബോധമുള്ളവരാണ്. മറ്റ് മാർഗ്ഗമില്ലാതെ വരുമ്പോഴാണ് അവർ ക്ഷേമ നിധിയിൽ അംഗങ്ങളായി ജീവിത സുരക്ഷ ഉറപ്പുവരുത്താൻ ശ്രമിക്കുന്നത്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞ അംശദായത്തെക്കുറിച്ച് അല്ലെങ്കിൽ ഈ നിധി സ്വരൂപണത്തെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ അങ്ങയുടെ ബില്ലിൽ അംശദായത്തിന്റെ കാര്യത്തിൽ രണ്ട് സ്ലാബുകൾ ഞാൻ കാണുന്നു. രണ്ടോ മൂന്നോ സ്ലാബുകൾ ഏർപ്പെടുത്തിയാലും തരക്കേടില്ല. കാരണം അംഗങ്ങളുടെ അംശദായം അമ്പത് രൂപ മറ്റൊന്ന് ഇരുന്നൂറു രൂപ. ഞാൻ ചലച്ചിത്ര രംഗം മാത്രം സ്പർശിക്കുന്നു. ഇപ്പോൾ നാടക രംഗത്ത് വലിയ മത്സരം നടക്കുന്നു എന്നുള്ളതുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വലിയ വരുമാനമൊന്നും കിട്ടുകയില്ല. ഒരു ദിവസം രണ്ട് വേദികളിൽ നാടകം അവതരിപ്പിച്ചാൽ പോലും ആ കലാകാരന്മാർക്ക് വലിയ വരുമാനം കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ നമ്മുടെ മെഗാ സ്റ്റാറുകൾ നമ്മളുമായി ബന്ധപ്പെട്ടവരും വലിയ വ്യക്തിബന്ധമുള്ളവരുമാണ്. ശ്രീ. ഉമ്മർ സംസാരിച്ചപ്പോൾ അവരുടെ ഇൻകം ടാക്സിനെ കുറിച്ച് ഇവിടെ പരാമർശിച്ചു. ഞാൻ അവർ ഇൻകം ടാക്സ് വെട്ടിപ്പുകാരാണെന്നൊന്നും പറയുന്നില്ല. വ്യവസ്ഥാപിതമായി ഈ ക്ഷേമനിധിക്കുവേണ്ടി അവരുടെ പങ്കാളിത്തം എങ്ങനെ ഉറപ്പുവരുത്താമെന്നുള്ള കാര്യം ഗവൺമെന്റ് ആലോചിക്കണമെന്നുള്ളതാണ് എന്റെ ഒരു നിർദ്ദേശം. ഈ സന്ദർഭത്തിൽ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ക്ഷേമനിധിയിലേയ്ക്കുള്ള പണം സ്വരൂപിക്കുന്നതിന്റെ ഭാഗമായി തിയേറ്ററുകളിൽ ഇരുപത്തിയഞ്ച് രൂപയിൽ കൂടുതൽ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചാൽ അത് നമ്മുടെ സിനിമാ വ്യവസായത്തെ തളർത്തും. തിയേറ്ററുകളിൽ പോയി സിനിമ കാണുന്നവരുടെ എണ്ണം ഇപ്പോഴും കുറഞ്ഞിട്ടില്ല എന്നുള്ള യാഥാർത്ഥ്യമൊന്നും ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ എ ക്ലാസ് തിയേറ്ററുകൾ കഴിഞ്ഞാൽ ബി ക്ലാസ് തിയേറ്ററുകളുടേയും സി ക്ലാസ് തിയേറ്ററുകളുടേയുമൊക്കെ സ്ഥിതി അങ്ങ്

പരിശോധിക്കണം. അപ്പോൾ ഇരുപത്തിയഞ്ചു രൂപ അല്ലെങ്കിൽ മുപ്പത് രൂപയോ അല്ലെങ്കിൽ നാൽപ്പതു രൂപയോ ഒന്നുമാക്കുന്നതിന്റേതല്ല പ്രശ്നം. ഒരു സാധാരണക്കാരന്, തിയേറ്ററിൽ പോയി സിനിമ കാണുവാൻ കഴിയുന്നില്ല എന്നുള്ള പരാതി പട്ടണത്തിൽ മാത്രമല്ല ഗ്രാമ പ്രദേശങ്ങളിൽപ്പോലും നിലനിൽക്കുമ്പോൾ ഒരു സിനിമ കാണാൻ പോകുന്ന ഒരു സാധാരണക്കാരന്റെ ടിക്കറ്റിനു മേൽ ഈ ക്ഷേമനിധിയുടെ പേരിൽ ഒരു അധിക നികുതി അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചാൽ, ഞാൻ തിയേറ്ററുകാരെ കുറ്റപ്പെടുത്തുകയല്ല, എന്നാൽ കുറ്റപ്പെടുത്തുകയുമാണ്. അവർ ഈ പൈസ പിരിച്ചെടുക്കും, പക്ഷേ ഒരു പൈസപോലും ക്ഷേമനിധിയിലേക്ക് കിട്ടുകയില്ല. അത് നമ്മുടെ പ്രേക്ഷക ലോകത്തെ വീണ്ടും ചൂഷണം ചെയ്യാനുള്ള ഒരു അവസരമാണ്. അതുകൊണ്ട് ടിക്കറ്റുകളിന്മേൽ ഒരു സെസ്സോ അല്ലെങ്കിൽ സർ ചാർജോ ഏർപ്പെടുത്താൻ കാരണമാകുന്ന ഒരു നിർദ്ദേശം നമ്മുടെ ആക്ടിൽനിന്നും ബില്ലിൽനിന്നും ഒഴിവാക്കണമെന്നുള്ളതാണ് എന്റെ വ്യക്തമായ ആവശ്യം. തിയേറ്ററുകളിൽ പോയി മലയാള സിനിമ കാണുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി വലിയ ഒരു ബാധ്യതയാണ്. ഈ ടിക്കറ്റ് ചാർജുകൾ ക്രമാതീതമായി അവർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ക്രമാതീതമായി വർദ്ധിപ്പിക്കുമ്പോൾ അത് വീണ്ടും ഒരു വർദ്ധനയ്ക്ക് അവസരം കൊടുക്കും. അത് സിനിമാ രംഗത്തെ കൂടുതൽ തളർത്തുക മാത്രമേ ചെയ്യുകയുള്ളൂ. അതുകൊണ്ട് ഈ ടിക്കറ്റുകളിന്മേൽ ക്ഷേമനിധിയുടെ പേരിൽ സെസ് ഏർപ്പെടുത്തിയാൽ സെസ് പിരിക്കും അത് സാധാരണക്കാർക്ക് പ്രതികൂലമാകും, അത് സിനിമാ വ്യവസായത്തെ തളർത്തും. തിയേറ്റർ ഉടമകളുടെ കയ്യിലേയ്ക്ക് ഈ പണം പോകുമെന്നതല്ലാതെ ക്ഷേമനിധിയിലേക്ക് വരാൻ പോകുന്നില്ല എന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ഇവിടെ എത്ര രൂപ പെൻഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ ബില്ല് കേരളത്തിലെ സാംസ്കാരിക രംഗത്ത് പത്തും അമ്പതും അറുപതും വർഷമായി പ്രവർത്തിച്ചവർ ഉറ്റുനോക്കുന്ന ഒന്നാണ്. ഒന്നരക്കോടി രൂപയോളം ഭാഗ്യക്കുറി നടത്തി ലഭിച്ചു, അവശകലാകാരന്മാർ രണ്ടായിരം പേർക്കു മാത്രമേ പെൻഷൻ കൊടുക്കുന്നുള്ളൂ. ഈ ബില്ലു പാസ്സായി ചട്ടങ്ങൾ ഉണ്ടാക്കി ക്ഷേമനിധിയിലൊക്കെ അംഗങ്ങളെ ചേർക്കാനുള്ള എൻറോൾമെന്റ് ആരംഭിച്ചു കഴിഞ്ഞാൽ പതിനായിരക്കണക്കിന് കലാകാരന്മാരും സാംസ്കാരിക-സാഹിത്യ പ്രവർത്തകരും ഇതിലേക്ക് വരും. നമുക്ക് ഏകദേശം അമ്പതു ലക്ഷത്തോളം ആളുകളെ ഈ ക്ഷേമനിധിയിലേക്ക് ചേർക്കാൻ കഴിയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അപ്പോഴാണ് ഈ ക്ഷേമനിധിയുടെ പ്രയോജനം ഉണ്ടാകുന്നത്. ഈ ഒന്നരക്കോടി രൂപകൊണ്ടൊന്നും ഒന്നുമാകുകയില്ല. ഇവർക്ക് പ്രതിമാസ പെൻഷനായി ന്യായമായ ഒരു തുക കൊടുക്കണം. 60 വയസ്സു കഴിഞ്ഞ കലാകാരന്മാർക്കും സാഹിത്യ കാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും പ്രതിമാസം മിനിമം ആയിരം രൂപ എങ്കിലും കൊടുത്തേ മതിയാകൂ. അവശകലാകാരന്മാരുടെ പെൻഷൻതുക 550 ആയിരുന്നത് വർദ്ധിപ്പിച്ചു. മാസങ്ങൾ കഴിഞ്ഞാണ് കിട്ടുന്നതെങ്കിലും വേഴാമ്പലിനെപോലെ ജീവിതാവസാനംവരെ കാത്തിരിക്കുന്ന ആളുകളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവർ. അതുകൊണ്ട് ഇന്നത്തെ ജീവിത സാഹചര്യത്തിൽ ജീവിക്കുവാൻ കഴിയുന്ന നിലയിലുള്ള ഒരു പെൻഷൻ തുക നൽകണം. കലാകാരന്മാരും സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും എക്കെ ഉറ്റു നോക്കുന്നത് പെൻഷൻ തന്നെയാണ്. അറുപത് വയസ്സു കഴിഞ്ഞ് നിസ്സഹായതയുടെ തുരുത്തിലെത്തുന്നവർക്ക് ജീവിക്കുവാനുള്ള ഒരു മാർഗ്ഗമായി മിനിമം ആയിരം രൂപയെങ്കിലും ഉറപ്പു നൽകാൻ ഈ പദ്ധതിയിലൂടെ കഴിയണം. അല്ലെങ്കിൽ ഈ പെൻഷൻ പദ്ധതിയും ക്ഷേമനിധിയും വെറും നോക്കുകുത്തികളായി മാറും. പല ക്ഷേമനിധികളും അംശദായകം പിരിക്കുന്നു എന്നുള്ളതൊഴിച്ചാൽ ഒരു ക്ഷേമനിധിയുടേയും പ്രയോജനം പാവപ്പെട്ട തൊഴിലാളികൾക്ക് കിട്ടുന്നില്ല. അത്തരം തൊഴിലാളി ക്ഷേമനിധിക്കുള്ള ഗതികേട് ഈ സാംസ്കാരിക ക്ഷേമനിധിക്കും ഉണ്ടാകാതിരിക്കാൻ അങ്ങ് ഇത് രൂപീകരിക്കുന്നതിൽ കാണിച്ച ആത്മാർത്ഥത നിർബന്ധമായും ഇത് ലക്ഷ്യപ്രാപ്തിയിലെത്താനും കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, വിയോജനക്കുറിപ്പും ഭേദഗതിയും അവതരിപ്പിച്ചുകൊണ്ട് ഈ ക്ഷേമപദ്ധതി സംബന്ധിച്ച നിയമനിർമ്മാണത്തെക്കുറിച്ച് അഭിപ്രായപ്രകടനങ്ങൾ നടത്തിയ സഭയിലെ ബഹുമാന്യരായ എന്റെ സഹപ്രവർത്തകരോടെല്ലാം ഞാൻ നന്ദിയും കൃതജ്ഞതയും അറിയിക്കുകയാണ്. ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നമ്മുടെ അറിവിൽ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇതുപോലെ സാംസ്കാരിക മേഖലയ്ക്ക് ഒരു ക്ഷേമ പദ്ധതി നിലവിലില്ല. ഇന്ത്യക്ക് പുറത്ത് എവിടെയെങ്കിലും ഇതുപോലൊരു പദ്ധതിയുണ്ടോയെന്ന് അറിയില്ല. അറിയാൻ പാടില്ലാത്ത കാര്യം നമ്മൾ പറയേണ്ടതില്ല. എന്തായാലും കേരളം ദീർഘകാലമായി ഒരുപാട് രംഗങ്ങളിൽ പുതുമകൾ അവകാശപ്പെടുന്ന സംസ്ഥാനമാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം വളരെ സുശക്തവും മാതൃകാപരവുമാണ്. സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ വന്നവരും എഴുത്തുകാരും കേരളത്തിലുള്ള സാഹിത്യ പ്രവർത്തക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അത്ഭുതപ്പെട്ടിട്ടുണ്ട്. കേരളം മറ്റ് പ്രദേശങ്ങൾക്കൊന്നും അവകാശപ്പെടാൻ കഴിയാത്ത മാതൃകകൾ സൃഷ്ടിച്ചിട്ടുള്ളതിന്റെ ഒരു തുടർച്ചയാണിത്. ഇത് ഈ വകുപ്പിന് മാത്രമായി അഭിമാനിക്കാനായിട്ടുള്ള കാര്യമായി ഞാൻ കാണുന്നില്ല. മൊത്തത്തിൽ ഇത്തരം കാര്യങ്ങളിൽ ഒട്ടേറെ മാതൃകകൾ രൂപപ്പെടുത്തിയിട്ടുണ്ട് അതിന്റെ ഭാഗമായിട്ടാണ് ഈ സാംസ്കാരിക മേഖലയിലും ക്ഷേമനിധി പെൻഷൻ ഉൾപ്പടെയുള്ള ഒരു പദ്ധതിക്ക് നിയമ നിർമ്മാണം കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാവരും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ നിയമനിർമ്മാണത്തെ അനുകൂലിക്കുകയാണ് ചെയ്തത്. തീർച്ചയായും നമ്മുടെ നിയമസഭയ്ക്കു തന്നെ അഭിമാനിക്കാവുന്ന ഒരു നിയമനിർമ്മാണമായി ഇത് പരിണമിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഏറ്റവും ഒടുവിൽ ചർച്ചയിൽ പങ്കെടുത്ത എന്റെ സുഹൃത്ത് ശ്രീ. എം. മുരളി പ്രകടിപ്പിച്ച വികാരം നമ്മുടെയെല്ലാം വികാരമാണ്. ഇത് ഫലപ്രദമാണെന്ന് അദ്ദേഹം പറഞ്ഞു. ഏതെങ്കിലും ക്ഷേമപദ്ധതികൾ ഫലപ്രദമല്ലാതെ ഇപ്പോൾ നിലവിലുണ്ടോ എന്ന വിവാദത്തിലേക്ക് പോകാതെ, ഒരു ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly

രൂപവൽക്കരിച്ചു എന്ന് കൃത്രിമമായി സംതൃപ്തിയടയാൻ വേണ്ടി നമ്മൾ ഉണ്ടാക്കിയ നിയമനിർമ്മാണം ആയിക്കൂടാ. ഇതിന്റെ ഉദ്ദേശങ്ങൾ നേടാൻ സാധിക്കണം എന്ന ആ സമീപനത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ചർച്ചയിൽ പങ്കെടുത്ത സുഹൃത്തുക്കൾ മുഖ്യമായും ഇതിനെ കൂടുതൽ ഫലപ്രദമാക്കാനും ഇതിന്റെ ഉദ്ദേശങ്ങൾ സാക്ഷാത്കരിക്കാനും സഹായകമാക ണമെന്നുള്ള ലക്ഷ്യത്തോടുകൂടിയുള്ള നിർദ്ദേശങ്ങൾ പലതും അവതരിപ്പിക്കു കയുണ്ടായി. ഇത് അവതരിപ്പിച്ച ഘട്ടത്തിൽ തന്നെ ഉയർന്നു വന്ന വികാരങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുകയാണ് ചെയ്തത്.

ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ഇവിടെ അംഗങ്ങൾ പറഞ്ഞതുപോലെ ലൈബ്രേറിയൻമാരെ ഇതിന്റെ പരിധിയിലേക്ക് കൊണ്ടുവരികയെന്നു പറയുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ബാബു എം. പാലിശ്ശേരി പത്ത് വർഷക്കാലം ഗ്രന്ഥശാലയുടെ പ്രവർത്തകരായിരുന്നവരെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരണം എന്ന നിർദ്ദേശം വയ്ക്കുകയുണ്ടായി. അതുപോലെ മറ്റ് പല വിഭാഗങ്ങളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് എടുത്തുപറയുകയുണ്ടായി. ഈ നിയമത്തിന്റെ നിർവ്വചനം രൂപപ്പെടുത്തിയി രിക്കുന്നത് ശ്രദ്ധിച്ചാൽ സാംസ്ക്കാരിക രംഗത്തെ ഒരുമാതിരിപ്പെട്ട എല്ലാ പ്രവർത്തകരേയും ഉൾക്കൊള്ളിക്കാൻ കഴിയും. ക്ഷേമനിധി ബോർഡ് ചർച്ച ചെയ്ത് നൽകുന്ന അഭിപ്രായംകൂടി ആസ്പദമാക്കി ബില്ലിന്റെ ചട്ടങ്ങൾ രൂപപ്പെടുത്തുന്ന ഘട്ടത്തിൽ ആവശ്യമായ തീരുമാനം നമുക്ക് ഉൾക്കൊള്ളിക്കാൻ കഴിയുമെന്നാണ് പൊതുവിൽ അതിനെ സംബന്ധിച്ച് പറയാനുള്ളത്. നിർവ്വചനത്തിന്റെ രണ്ടാം ഘട്ടം-ബി, സാസ്ക്കാരിക പ്രവർത്തകരെ ആകെ ഈ ക്ഷേമ പദ്ധതിക്കുള്ളിലുള്ള നിർവ്വചനത്തിൽ കൊണ്ടുവരാൻ കഴിയുന്ന തരത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അർത്ഥം, ചില മേഖലകളെക്കുറിച്ച് നമ്മൾ പ്രത്യേകിച്ച് എടുത്ത് പറയേണ്ടതില്ലെന്നല്ല. ഉദാഹരണത്തിന് ടെലിവിഷനൊക്കെ പ്രചുരപ്രചാരം നേടുന്നതിന് മുൻപ് നമ്മൾ കലാസ്വാദനത്തിന് മുഖ്യമായും ആശ്രയിച്ചിരുന്ന റേഡിയോ, ഇന്ന് പലരും കേൾക്കാറില്ല. റേഡിയോ വീട്ടിൽ ഒരു ഉപേക്ഷിക്കപ്പെട്ട വിചിത്ര വസ്തുവായി മുറിയിൽ ഇരുന്ന് നമ്മളെ തുറിച്ചു നോക്കുന്ന സ്ഥിതിയുണ്ടാവാം. എന്നാലും ഇന്നും റേഡിയോ വയ്ക്കുന്നവരും റേഡിയോയിൽനിന്നുള്ള പല പരിപാടികളും ആസ്വദിക്കുന്ന വരും നമ്മുടെ കൂട്ടത്തിലുണ്ട്. എഫ്. എം. പോലുള്ള ആധുനിക ശാസ്ത്രത്തിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങൾ വന്നിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ദേഗതികളും സൗഭ്യാഗിക ദേഗതികളും അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ സമർപ്പിച്ചിട്ടുള്ള ഒട്ടേറെ ദേഗതികൾ ഉൾക്കൊള്ളിക്കാനും അംഗീകരിക്കാനും തീരുമാനിച്ചിട്ടുള്ളത് ഇതിന്റെ സാധ്യത വിപുലപ്പെടുത്തുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഏറ്റവും സീരിയസായിട്ടുള്ള ഒരു പ്രശ്നമുണ്ട്. അവശകലാകാരൻമാർക്കുള്ള പെൻഷൻ പലയിടത്തും ഡ്യൂസ് ആയിട്ടുണ്ട്. ചിലർക്ക് അഞ്ച് തന്നെ നേരിട്ട് കൊടുത്തത് എനിക്ക് തന്നെ വ്യക്തിപരമായി അറിയാവുന്നതാണ്. പക്ഷേ അവർക്ക് കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള നിശ്ചിത തുക കൊടുത്ത് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി: തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഗൗരവത്തോടുകൂടി പിൻതുടരുന്നതാണ്. ഞാൻ പറഞ്ഞുവന്നത് റേഡിയോയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു ഭേദഗതിയുടെ രൂപത്തിൽ ടെലിവിഷൻ എന്നുള്ളത് മാറ്റി ഇലക്ട്രോണിക് മാധ്യമം എന്നുപറയുമ്പോൾ ടെലിവിഷനും എല്ലാത്തരം റേഡിയോ നിലയങ്ങളും കമ്പ്യൂട്ടർ ഉപയോഗിച്ചിട്ടുള്ള സാംസ്കാരിക വിനിയോഗങ്ങളും സാധ്യമാണ്. അതിന്റെ പുതിയ രൂപങ്ങളെല്ലാം വരും. ഇതെല്ലാം ഒരു നിർവ്വചനത്തിൽ വരും എന്നുള്ളതാണ്.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. ബാബു എം. പാലിശ്ശേരി മംഗശാലകളുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ആ പ്രവൃത്തി ചെയ്യുന്നവരെ ഉൾപ്പെടുത്തുന്ന കാര്യം പറയുകയുണ്ടായി. പക്ഷേ ഡെഫിനിഷനകത്ത് മാപ്പിളപ്പാട്ട് ഉൾപ്പടെയുള്ള കലകൾ കഴിഞ്ഞ് പന്തൽ അലങ്കാരം ശബ്ദവും വെളിച്ചവും എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളെ, എന്നുപറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. പന്തൽ ഉണ്ടാക്കുന്ന ആൾ സാംസ്കാരിക പ്രവർത്തകനാണോ?

ശ്രീ. എം. എ. ബേബി: കലയുടെ ഒരു വലിയ പങ്ക് അതിനകത്തുണ്ട്. നമുക്ക് ഈ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ സാധ്യമായ അത്രയും സമഗ്രമായ പദ്ധതി തുടങ്ങി വയ്ക്കുക. ആ പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്കകത്ത് ഭേദഗതി വരുത്തിക്കൊണ്ട് ഏതെല്ലാം ഇതിൽ ഉൾക്കൊള്ളിക്കണമെന്നുള്ളത് തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സാംസ്കാരിക പ്രവർത്തകൻ എന്നു പറയുമ്പോൾ ഔന്നത്യമുണ്ട്. ആരേയും കുറച്ചു കാണാനല്ല. ഇലക്ട്രോണിക് മാധ്യമം, കേബിൾ ശൃംഖല, നാടകം എന്നെല്ലാം പറഞ്ഞുവന്നിട്ട് അക്കൂട്ടത്തിൽ പന്തൽ അലങ്കാരം, ശബ്ദവും വെളിച്ചവും എന്നീ മേഖലകളിൽ ഏതെങ്കിലും പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും എന്ന് പറയുമ്പോൾ എന്തോ പൊരുത്തമില്ലായ്മ തോന്നി. അതുകൊണ്ട് ചോദിച്ചെന്നേയുള്ളൂ.

ശ്രീ. എം. എ. ബേബി: അതല്ല പ്രശ്നം ഇതിനകത്ത് വസ്തുനിഷ്ടമായി കാര്യങ്ങൾ കാണാൻ ശ്രമിക്കുമ്പോൾ നമ്മുടെ ആത്മനിഷ്ടമായ നിരീക്ഷണം ഇതിനകത്ത് ഒരു ഘടകമായിട്ട് വരും. ഉദാഹരണത്തിന് കലകളുടെ കൂട്ടത്തിൽ അനുകരണ കല ഉൾപ്പെടുത്തണമെന്നു പറഞ്ഞ് ഭേദഗതി വന്നിട്ടുണ്ട്. അത് നമ്മൾ പരിഗണിക്കാൻ പോകുകയാണ്. അനുകരണ കല മിമിക്രി എന്നുള്ളതിന് അനുസരണമായിട്ടുള്ളതാണ്. കഥകളി പോലുള്ള ഒരു ക്ലാസിക്കൽ ശ്രേഷ്ട കലാകാരൻമാർക്ക് സംരക്ഷണം കൊടുക്കാൻ കൊണ്ടുവരുന്ന പദ്ധതിയിൽ മിമിക്രിക്കാരെ ഉൾപ്പെടുത്താൻ പറ്റുമോ എന്നുള്ള ചോദ്യം വരും. ചിലർ അതിനെക്കുറിച്ച് വിമർശനം ഉന്നയിച്ചു എന്നും വരാം. പക്ഷേ നേരത്തെ ഇവിടെ ചർച്ചയിൽ പങ്കെടുത്തവർ പറഞ്ഞപോലെ അഭിനയ മികവിന്റെ ഔന്നത്യങ്ങൾ കീഴടക്കിയവരായി നമ്മുടെ സമൂഹം ആദരിക്കുന്ന പ്രഗത്ഭരായ ഒരുപാട് അഭിനേതാക്കൾ ശബ്ദാനുകരണ കലയുമായി രംഗപ്രവേശനം ചെയ്തുവരുന്നുണ്ട്. അതുകൊണ്ട് നമ്മൾ ഇതിനകത്ത് വിശാലമായ സമീപനം എടുക്കുന്നതായിരിക്കും നല്ലത്. എന്നാൽ സർവ്വരേയും ഇതിൽ ഉൾപ്പെടുത്തുക എന്ന നിലയിൽ നമ്മൾ പോകുന്നില്ല. സാഹിത്യകാരൻമാർ എന്നനിലയിൽ കവിത എഴുതുന്നവർ ഇതിനകത്ത് വരും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ശബ്ദവും വെളിച്ചവും എന്നുള്ളതിന് ലൈറ്റ് ആന്റ് സൗണ്ട്കാർ എന്ന് ചിന്തിക്കുന്നത് ശരിയല്ല. റസൂൽ പൂക്കുട്ടിക്ക് ഓസ്ക്കാർ അവാർഡ് കിട്ടിയത് നമ്മൾ മറന്നിട്ടില്ലല്ലോ. ശബ്ദ മിശ്രണവും സംവിധാനവും ദീപവിതാനവും കലാ രംഗത്തെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. ഇവിടെ ശബ്ദവും വെളിച്ചവും എന്നു പറയുന്നത് ശബ്ദ മിശ്രണവും ദീപവിതാനവുമായി ബന്ധപ്പെട്ടാതാണെന്നാണ് എനിക്ക് വായിച്ചപ്പോൾ മനസ്സിലായത്. അത് കലയാണ്.

ശ്രീ. എം. എ. ബേബി : ഇവിടെ ചർച്ചയുടെ കൂട്ടത്തിൽ ശ്രീ. പി. സി. വിഷ്ണുനാഥ് നമ്മുടെ ബാലഭവന്റെ കാര്യവുമായി ബന്ധപ്പെട്ട് ഒരു അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി. യഥാർത്ഥത്തിൽ നമ്മുടെ സാംസ്കാരിക രംഗത്തെ അതിപ്രശസ്തരായ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീമതി സുഗതകുമാരി എന്നിവർ അടങ്ങുന്ന ഒരു സമിതിയാണ് ബാലഭവന്റെ വികസനവും അതുമായി ബന്ധപ്പെട്ട് അവിടെ ചില സൗകര്യങ്ങളുണ്ടാക്കുകയും ചെയ്തത്. ബാലഭവന്റെ പ്രവർത്തനങ്ങൾ പത്ത് ദിവസത്തിലധികം നടക്കാത്ത ഒരു പീരിയഡിൽ, അതായത് ഡിസംബറിൽ ഉപയോഗപ്പെടുത്തുകയെന്നുള്ളതാണ് ആലോചിച്ചിട്ടുള്ളത്. എല്ലാ വശങ്ങളും പരിശോധിച്ചുമാത്രം ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഉപദേശം തരുന്ന പ്രഗത്ഭരെയാണ് നിർദ്ദേശം സമർപ്പിക്കാൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. സാംസ്കാരിക രംഗത്ത് ഇപ്പോൾ പൊതുവിൽ നടക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയും അതിനെ ശ്ലാഘിക്കുകയും ചെയ്തു. അതിനെല്ലാം നന്ദി പറയുകയാണ്. ഇതിന്റെ ആസ്ഥാനം എവിടെ വേണമെന്നതിനെ സംബന്ധിച്ച് സാംസ്കാരിക കേന്ദ്രങ്ങളെല്ലാം ഒരുപാട് കേന്ദ്രീകരിച്ചിട്ടുള്ള തൃശ്ശൂരിൽ ആകുന്നതല്ല നല്ലത് എന്ന നിർദ്ദേശം വന്നു. പക്ഷേ ഒരു ക്ഷേമനിധി എന്ന നിലയിൽ തലസ്ഥാനത്ത് ഇതിന്റെ ആസ്ഥാനം വേണമെന്ന ഉദ്ദേശമാണ് ഇപ്പോഴുള്ളത്. പക്ഷേ ഈ ആസ്ഥാനത്തിന്റെതന്നെ ഉപകാഹിസുകൾ ഉത്തര കേരളത്തിലും മധ്യകേരളത്തിലും സ്ഥാപിക്കുന്ന കാര്യവും നമുക്ക് പരിഗണിക്കാൻ കഴിയുന്നതാണ്.

ഇവിടെ ഉയർന്നുവന്ന മറ്റൊരഭിപ്രായം അവശകലാകാരൻമാർ എന്നുള്ള പ്രയോഗവുമായി ബന്ധപ്പെട്ടാണ്. അത് ഈ സഭ തന്നെ ചർച്ച ചെയ്തതാണ്. ഇപ്പോൾ കലാകാര പെൻഷൻ എന്ന നിലയിലാണ് ഈ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്. ഇത് നിലവിൽ വരുമ്പോൾ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന കലാകാര പെൻഷന് എന്ത് സംഭവിക്കും എന്ന ചോദ്യമുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സ്വാഭാവികമായും കലാകാര പെൻഷൻ ഈ ക്ഷേമനിധി പദ്ധതിയിൽ ലയിക്കപ്പെടുകയാണ് ചെയ്യുന്നത്. പെൻഷൻ തുക എന്ത് നൽകുമെന്നുള്ളത് ഇപ്പോൾ പ്രഖ്യാപിക്കുന്നത് ഉചിതമാവില്ല. കലാകാരൻമാർക്ക് ജീവിതത്തിൽ ഒരു താങ്ങായി, സാന്ത്വനമായി പ്രയോജനപ്പെടുന്ന തോതിലുള്ള സഹായം നിർബന്ധമായും നമുക്ക് നൽകാൻ കഴിയണം. ഈ ഗവൺമെന്റ് വന്നശേഷം കലാകാര പെൻഷൻ വർദ്ധിപ്പിച്ചു. മാത്രമല്ല, ഈ ഗവൺമെന്റ് വരുമ്പോൾ കലാകാര പെൻഷൻ 850-ഓളം

LIBRARY ARCHIVES Kerala Legislative Assembly

പേർക്ക് ലഭ്യമായിരുന്നത് ഇപ്പോൾ രണ്ടായിരമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. അത് തികച്ചും അഭ്യാപ്തമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ അഭിമാനമായിരുന്ന കലാകാരൻ ഒടുവിൽ ഉണ്ണികൃഷ്ണൻ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ വിധവയ്ക്ക് ആശ്വാസം ലഭിക്കുന്നതിന് വമുമാനവുമായി ബന്ധപ്പെട്ട് ചില സാങ്കേതിക തടസ്സങ്ങളുണ്ടായി. അതുകൊണ്ടുതന്നെ ഈ പദ്ധതി നടപ്പാക്കുമ്പോൾ അത്തരത്തിലുള്ള സാങ്കേതികമായ തടസ്സങ്ങളുണ്ടാകാതിരിക്കാൻ കഴിയുന്ന വിധത്തിലായിരിക്കും ഇതിന്റെ ക്രമീകരണങ്ങൾ രൂപപ്പെടുത്തുക എന്ന് ഉറപ്പ് നൽകുകയാണ്. സർക്കസ് കലാകാരന്മാരെ ഇതിൽ ഉൾപ്പെടുത്തണമെന്ന അഭിപ്രായം ഉയർന്നുവരികയുണ്ടായി. വേറെയും പല നിർദ്ദേശങ്ങൾ വന്നു. സർക്കസ് അഭിമാനകരമായ ഒരു കലയാണ്. അതുകൊണ്ട് സർക്കസ് കലാകാരൻമാരേയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശം അംഗീകരിക്കുകയാണ്. മറ്റ് ഓരോന്നും ഭേദഗതി വരുന്ന ഘട്ടത്തിൽ പരിഗണിക്കാമെന്നാണ് ഞാൻ പറയുന്നത്. ഈ നിയമം തയ്യാറാക്കുന്നതിന് നിയമ വകുപ്പിന്റെയും പാർലമെന്ററി വിഭാഗത്തിന്റെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും ഒക്കെ സഹായം വളരെ വിലപ്പെട്ടതായിരുന്നു. അംഗങ്ങൾ വളരെ സൂക്ഷ്മതയോടുകൂടി ഭേദഗതികൾ എഴുതിത്തന്നു. ആ ഭേദഗതികളിൽ പല ഭേദഗതികളും കാമ്പുള്ള ഭേദഗതികളാണ്. അതുകൊണ്ടുതന്നെ അംഗീകരിക്കുന്ന ഭേദഗതികളാണ്. അതുകൊണ്ട് നാം പാസ്സാക്കാൻ പോകുന്ന ഈ നിയമം ഈ സഭയുടെ ഉത്പന്നമാണ്. കുത്തോ കോമയോ മാറ്റുന്നതുപോലുള്ള ഭേദഗതികൾ അംഗീകരിച്ചിട്ട് ഭേദഗതികൾ അംഗീകരിച്ചില്ലല്ലോ എന്ന് പറയുന്ന ഒരു സമ്പ്രദായമല്ല. അവതരിപ്പിക്കപ്പെട്ട ഭേദഗതികളിൽ സാധ്യമായത്ര ഭേദഗതികൾ ഉൾക്കൊള്ളിക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആ നിലയിൽ ഭേദഗതികളിലൂടെ ഈ നിയമത്തെ സമ്പുഷ്ടവും ശക്തവുമാക്കാനും ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനും സഹകരിച്ച എല്ലാ അംഗങ്ങളോടും നന്ദി പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ബാബു എം. പാലിശ്ശേരി അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുരളി, അങ്ങയുടെ 2(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. മുരളി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എം. മുരളി അവതരിപ്പിച്ച 2(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010 പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(107) ഖണ്ഡം 2 (ഡി)-യിൽ ഒന്നാം വരിയിൽ 'ടെലിവിഷൻ' എന്നത് ഒഴിവാക്കി പകരം 'ഇലക്ട്രോണിക് മാധ്യമം' എന്ന് ചേർക്കുക.

2-ാം വകുപ്പിൽത്തന്നെ കുറേ ഭേദഗതികൾ ഞാൻ അംഗീകരിക്കുന്നുണ്ട്. ചില അംഗങ്ങൾ ഇവിടെയില്ല. അതുകൊണ്ട് ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(110) ഖണ്ഡം 2(ഡി)-യിൽ 'നാടകം, സംഗീതം' എന്നീ വാക്കുകൾക്ക് ശേഷം 'അനുകരണകല' എന്ന വാക്ക് ചേർക്കുക.

(112) ഖണ്ഡം 2 (ഡി)-യിൽ 'ഡെമോൺസ്ട്രേഷൻ കലകൾ' എന്നതിനുശേഷം 'അനുഷ്ഠാന കലകൾ, നാടൻപാട്ടുകൾ, മേക്കപ്പ്', എന്നീ വാക്കുകൾ ചേർക്കുക.

(113) ഖണ്ഡം 2(ഡി)-യിൽ 'മാജിക്' എന്ന വാക്കിനുശേഷം സർക്കസ്, മാർഗ്ഗംകളി, ചവിട്ട് നാടകം' എന്നീ വാക്കുകൾ ചേർക്കുക.

(114.) ഖണ്ഡം 2 (ഡി)-യിൽ പുരാണപാരായണം എന്ന വാക്കിനുശേഷം ബൈബിൾ പാരായണം, ഖുറാൻ പാരായണം, പ്രസംഗം എന്നീ വാക്കുകൾ ചേർക്കുക.

(115) ഖണ്ഡം 2 (ഡി)-യിൽ "ശബ്ദവും വെളിച്ചവും" എന്നീ വാക്കുകൾക്ക് പകരം "കോസ്റ്റ്യൂം ഡിസൈനിംഗ്, എഫ്.എം റേഡിയോ, പരസ്യകല, പെയിന്റിംഗ്, കോമ്പിയറിംഗ്, ഫോട്ടോഗ്രാഫി" എന്നീ വാക്കുകൾ ചേർക്കുക.

(124) ഖണ്ഡം 2 (ഐ)-യിൽ പ്രവർത്തന ക്ഷേമനിധി എന്നീ വാക്കുകൾക്ക് പകരം പ്രവർത്തക ക്ഷേമനിധി എന്നീ വാക്കുകൾ ചേർക്കുക.

(126) 126. ഖണ്ഡം 2 (പി)-യിൽ "നിർണ്ണയിക്കപ്പെട്ടത്" എന്ന വാക്കിന് പകരം നിർണ്ണയിക്കപ്പെട്ട എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(108) ഖണ്ഡം 2(എ)-യിൽ 'അക്കാഡമി' എന്നാൽ എന്നതിനുശേഷം 'കേരള സർക്കാർ സ്ഥാപിച്ച്' എന്നു ചേർക്കുകയും ഉപഖണ്ഡങ്ങൾ (എഫ്), (എച്ച്), (ഐ), (എൽ), (എൻ), (കു) എന്നിവ ഒഴിവാക്കുകയും ചെയ്യുക.

(117) ഖണ്ഡം 2(ഡി)-യിൽ 'സാഹിത്യം സംസ്കാരം' എന്നതിനുശേഷം 'അതുപോലെ' എന്നതിനുമുമ്പായി 'സാംസ്കാരിക പ്രഭാഷണം' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

(119) ഖണ്ഡം 2(ഇ)-യിൽ 'ട്രേഡ് ബോഡിയോ' എന്ന വാക്കുകൾ ഒഴിവാക്കുക.

(125) ഖണ്ഡം 2(ഐ)-യിൽ 'ക്ഷേമനിധി' എന്ന വാക്കിനുപകരം 'ക്ഷേമനിധിയോ അതല്ലെങ്കിൽ ഈ ആവശ്യത്തിനുവേണ്ടി ഗവൺമെന്റ് തീരുമാനിക്കുന്നതിനനുസരിച്ച് രൂപീകരിക്കുന്ന ഫണ്ടോ' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(109) ഖണ്ഡം 2(ഡി)-യിൽ 'നാടകം, സംഗീതം' എന്നീ വാക്കുകൾക്കു ശേഷം കഥകളി, ഗാനമേള എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(111) ഖണ്ഡം 2(ഡി)-യിൽ 'ക്ലാസിക്കൽ കലകൾ' എന്നതിനുപകരമായി നാടൻ കലകൾ, അനുഷ്ഠാന കലകൾ എന്ന് ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115) ഖണ്ഡം 2(ഡി)-യിൽ 'മാപ്പിളപ്പാട്ട്' എന്ന വാക്കിനുശേഷം 'നാടൻപാട്ടുകൾ' എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115-A) ഖണ്ഡം 2(ഡി)-യിൽ 'മാപ്പിളപ്പാട്ട്' ഉൾപ്പെടെയുള്ള കലകൾ എന്നത് മാപ്പിളകലകൾ എന്ന് മാറ്റുക.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(120) ഖണ്ഡം 2(ജി)-യിൽ അച്ഛൻ, അമ്മ, എന്നതിനുശേഷം അംഗത്തിന്റെ ഭാര്യയുടെ അല്ലെങ്കിൽ ഭർത്താവിന്റെ അച്ഛൻ, അമ്മ എന്നുകൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി: ശ്രീ. അടൂർ പ്രകാശിന്റെ 109-ാം നമ്പർ ഭേദഗതി അംഗീകരിക്കുകയാണ്. ശ്രീ. കെ. ബാബുവിന്റെ 110 ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കുന്നു. പ്രൊഫ. എൻ. ജയരാജന്റെ 111 -ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്-ന്റെ 112-ാം നമ്പർ ഭേദഗതിയിലെ 'നാടൻ പാട്ടുകൾ' എന്നഭാഗം അംഗീകരിക്കുന്നു. ശ്രീ. കെ. എം. മാണിയുടെ 113-ാം നമ്പർ ഭേദഗതിയും 114-ാം നമ്പർ ഭേദഗതിയിലെ ബൈബിൾ പാരായണം, ഖുറാൻ പാരായണം എന്നിവ ഔദ്യോഗിക ഭേദഗതിയായി സ്വീകരിക്കുന്നു. എന്നാൽ 'പ്രസംഗം' എന്ന വാക്ക് ഒഴിവാക്കുന്നു. പ്രസംഗം എന്ന വാക്ക് ഉൾപ്പെടുത്തിയാൽ നമുക്കെല്ലാവർക്കും ആനുകൂല്യം കിട്ടാൻ വേണ്ടിയാണ് ഇത് പാസ്സാക്കുന്നതെന്ന തെറ്റിദ്ധാരണയുണ്ടാകും. ശ്രീ. എം. ചന്ദ്രന്റെ 115-ാം നമ്പർ ഭേദഗതിയിലെ 'നാടൻ പാട്ടുകൾ' എന്നഭാഗം അംഗീകരിക്കുന്നു. ശ്രീ. എം. ഉമ്മറിന്റെ മാപ്പിളകലകൾ എന്നുള്ളത് അംഗീകരിക്കുകയാണ്. ശ്രീ. കെ. എം. മാണിയുടെ 116-ാം നമ്പർ ഭേദഗതിയിലെ ശബ്ദവും വെളിച്ചവും എന്നീ വാക്കുകൾക്ക് പകരം എന്നഭാഗം അംഗീകരിക്കുന്നില്ല. ശബ്ദവും വെളിച്ചവും എന്ന വാക്കുകൾക്ക് ശേഷം 'കോസ്റ്റ്യൂം ഡിസൈനിംഗ്' എന്ന് ഇംഗ്ലീഷിൽ പറഞ്ഞത് 'വസ്ത്ര രൂപകൽപ്പന' എന്ന് മലയാളത്തിൽ മാറ്റുകയാണ്. എഫ്.എം. റേഡിയോ എന്നുള്ളത് ഇലക്ട്രോണിക് മാധ്യമം എന്നുള്ളത് വന്നിരിക്കുന്നതിനാൽ സ്വീകരിക്കുന്നില്ല. ബാക്കിയുള്ളഭാഗം അംഗീകരിക്കുകയാണ്. ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 117-ാം നമ്പർ ഭേദഗതിയിലെ 'സാംസ്കാരിക പ്രഭാഷണം' എന്നുള്ളത് സ്വീകരിക്കുന്നു. സാംസ്കാരിക സരിതികളുമായി ബന്ധപ്പെട്ട് ഒരുപാട് സാംസ്കാരിക പ്രഭാഷണങ്ങൾ നടത്തുന്ന, അതിനുവേണ്ടിമാത്രം ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്ന ധാരാളമാളുകൾ നമ്മുടെ സമൂഹത്തിലുണ്ട്. ശ്രീ. കെ. എം. മാണിയുടെ 124-ാം നമ്പർ ഭേദഗതിയിലെ അച്ചടിപ്പിശക് അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഫെഡിഷ്യൽ ഭേദഗതിയായി അംഗീകരിക്കുന്നു. അദ്ദേഹത്തിന്റെതന്നെ 125-ൽ 'നിർണ്ണയിക്കപ്പെട്ടത്' എന്ന വാക്കിന് പകരം 'നിർണ്ണയിക്കപ്പെട്ട' എന്ന വാക്ക് ചേർക്കുക എന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കുന്നു.

114-ലെ 'പ്രസംഗം' എന്ന വാക്ക് ഒഴിവാക്കി താഴെപ്പറയുംപ്രകാരം അംഗീകരിച്ചു.

(114) ഖണ്ഡം 2 (ഡി)-യിൽ 'പുരാണപാരായണം' എന്ന വാക്കിനുശേഷം 'ബൈബിൾ പാരായണം, ഖുറാൻ പാരായണം' എന്നീ വാക്കുകൾ ചേർക്കുക.

(115) ഖണ്ഡം 2 (ഡി)-യിൽ 'മാപ്പിളപ്പാട്ട്' എന്ന വാക്കിനുശേഷം നാടൻപാട്ടുകൾ എന്ന വാക്ക് ചേർക്കുക.

116-ലെ കോസ്റ്റ്യൂം ഡിസൈനിംഗ് എന്ന വാക്കിനുപകരം വസ്ത്രരൂപകൽപ്പന എന്ന വാക്ക് ചേർത്തും എഫ്എം. റേഡിയോ എന്ന വാക്ക് ഒഴിവാക്കിയും താഴെപ്പറയുംപ്രകാരം അംഗീകരിച്ചു.

(116) ഖണ്ഡം 2 (ഡി)-യിൽ "ശബ്ദവും വെളിച്ചവും" എന്നീ വാക്കുകൾക്ക് പകരം "വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോമ്പിയറിംഗ്, ഫോട്ടോഗ്രാഫി" എന്നീ വാക്കുകൾ ചേർക്കുക.

(ശ്രീ. എം. എ. ബേബി): സർ, 2-ാം വകുപ്പിൽ ഖണ്ഡം 2 (ഡി)-യിൽ ഇപ്പോൾ ഒരു ഭേദഗതി കൂടി വരുത്താനുണ്ട്. രണ്ടാം വകുപ്പ് ഖണ്ഡം 2 ഇപ്പോൾ എടുക്കുന്നുണ്ടോ ?

മി. സ്പീക്കർ: ഏതാണ് ?

ശ്രീ. എം. എ. ബേബി: 105. സർ, ഖണ്ഡം 2 (ഡി)-യിൽ 'ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും' എന്നീ വാക്കുകൾക്കുപകരം 'ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളും' എന്ന മാറ്റം വരുത്തണം. ഇത് ഞാൻ എന്റെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. 5.00 PM]

രണ്ടാം വകുപ്പിലാണ്. ഇത് പീഠികയിൽ പ്രൊഫ. എൻ. ജയരാജ് തന്നിട്ടുള്ള ഭേദഗതിയാണ്. പീഠികയെടുക്കുമ്പോഴാണ് ആ ഭേദഗതി വരിക. പക്ഷേ പീഠികയിൽ ആ ഭേദഗതി വരുമ്പോൾ രണ്ടാം വകുപ്പിൽ ഈ ഭേദഗതി വരണം. അതുകൊണ്ട് അതും ഞാൻ ഔദ്യോഗികമായി മൂവ് ചെയ്യുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. എൻ. ജയരാജിന്റെ 111-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 115 (എ) എന്ന ഭേദഗതി സഭ അംഗീകരിച്ചു

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 108, 119, 125 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ഞാൻ താഴെപ്പറയുന്ന 127, 128 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. ഖണ്ഡം 3 (4)(എ)-യിൽ രണ്ടാമത് ഖണ്ഡികയായി 'അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലേക്ക് തുടർച്ചയായോ ഒറ്റത്തവണയായോ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങൾ നൽകുന്നതിന്' എന്നുകൂടി ചേർക്കുക.

പല അംഗങ്ങളും ഇവിടെ അവതരിപ്പിച്ചൊരു ഭേദഗതിയാണ്. പത്ത് വർഷം എന്നുള്ളത് കുറയ്ക്കണമെന്ന്. അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുകയാണ്. അഞ്ച് വർഷം എന്ന തരത്തിൽ ഈ ഭാഗം ഭേദഗതി ചെയ്യുകയാണ്.

128. (i) ഖണ്ഡം 3(4)(ബി)-ൽ "പതിനഞ്ച്" എന്നതിനെ "മൂന്ന്" എന്നാക്കി മാറ്റുക.

(ii) ഖണ്ഡം 3(4)(സി)-ൽ "വൈദ്യസഹായം" എന്നതിനെ "ധനസഹായം" എന്നാക്കി മാറ്റുക.

വൈദ്യസഹായം എന്നുള്ളത് ധനസഹായമാക്കണം. വൈദ്യസഹായം ക്ഷേമനിധി ബോർഡിന് കൊടുക്കാൻ കഴിയില്ല. വൈദ്യസഹായത്തിന് ആവശ്യമായ ധനസഹായമല്ലേ നൽകാൻ കഴിയുകയുള്ളൂ. വൈദ്യസഹായം നേരിട്ട് കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് അത് ധനസഹായം എന്നാക്കുക. ഈ കറക്ഷനാണ് ഇതിലുള്ളത്. ഇനി സ്ഥലത്തില്ലാത്ത ചില അംഗങ്ങളുടെ യടക്കം കുറേ ഭേദഗതികൾകൂടി അംഗീകരിക്കുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 3(1)-ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കുകൾക്കുപകരം "മൂന്ന് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3(2)(ii)-ൽ "ഏതെങ്കിലും, അല്ലെങ്കിൽ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

164. ഖണ്ഡം 3(4)(എച്ച്)-ൽ "പത്ത് വർഷക്കാലത്തേക്കുള്ള" എന്നതിനുപകരം "അഞ്ച് വർഷത്തേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(133) ഖണ്ഡം 3(2) (ii)-ൽ-ൽ "സംഭാവനകളും" എന്നതിനുശേഷം "ഇതിനുവേണ്ടി ഗവൺമെന്റ് സംഭരിക്കുന്ന മറ്റ് ഫണ്ടുകളും" എന്ന് ചേർക്കുക.

136. ഖണ്ഡം 3(2) (vii)-ൽ ബോർഡ് എന്നതിനുപകരം "ബോർഡോ, ഗവൺമെന്റോ" എന്ന് ചേർക്കുക.

(142) ഖണ്ഡം 3(4) (എ)-യിൽ അറുപത് എന്നതിനുപകരം അൻപത്തഞ്ച് എന്ന് ചേർക്കുക.

(148) ഖണ്ഡം 3(4) (ബി)-യിൽ "പതിനഞ്ച്" എന്നതിനുപകരം "പത്ത്" എന്ന് ചേർക്കുക.

(159) ഖണ്ഡം 3(4) (ജി)-യിൽ "മൂന്നു വർഷമെങ്കിലും" എന്നതിനുപകരം "രണ്ട് വർഷമെങ്കിലും" എന്നു ചേർക്കുക.

(166) ഖണ്ഡം 3(4) (ഐ)-യിൽ "അംഗങ്ങൾക്ക്" എന്നതിനുപകരം "അംഗങ്ങൾക്കോ, സംഘടനകൾക്കോ" എന്ന് ചേർക്കുക.

ശ്രീ. ബി. ബാബു പ്രസാദ് : സർ, ഞാൻ എന്റെ 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3(2) (iii) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന് നിധി രൂപീകരണത്തിനായി സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നടത്തുന്ന ലോട്ടറി വഴി ശേഖരിച്ച ഫണ്ട്" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. എ. എ. ഷുക്കൂർ : സർ, ഞാൻ എന്റെ 135-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 3(2) (iv)-ൽ "വാങ്ങിയതുക" എന്നതിനുപകരം "വാങ്ങുന്ന തുക" എന്ന് ചേർക്കുക.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ എന്റെ 140-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3(3)-ൽ "ഭേണം" എന്നതിനുപകരം "വിനിയോഗം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 3(4) (എ)-യിൽ "അറുപത്" എന്നതിനുപകരം "അൻപത്തിയെട്ട്" എന്ന് ചേർക്കുക.

145. ഖണ്ഡം 3(4) (ബി)-യിൽ "പതിനഞ്ച്" എന്നതിനുപകരം "അഞ്ച്" എന്ന് ചേർക്കുക.

158. ഖണ്ഡം 3(4) (ജി)-യിൽ "മൂന്നു വർഷമെങ്കിലും" എന്നതിനുപകരം "ഒരു വർഷമെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ് : 145-ൽ ഖണ്ഡം 3 (4) (ബി)-ൽ മന്ത്രി അവതരിപ്പിച്ച ഭേദഗതി അനുസരിച്ച് 5 കൊല്ലത്തിൽ കുറയാത്ത കാലയളവിലേക്കുള്ള അംശദായം അടച്ചിട്ടുള്ള ഒരംഗം മരണമടഞ്ഞാൽ കുടുംബക്ഷേമപെൻഷൻ ... ഇത് അംഗീകരിച്ചല്ലോ ?

മി. സ്പീക്കർ : അംഗീകരിച്ചു. 5 കൊല്ലം...

ശ്രീ. കെ. സി. ജോസഫ് : അംഗീകരിച്ചല്ലോ. സർ, അതിനുപുറമെ 3 (4) (ജി)-ൽ "നിധിയിലേക്ക് കുറഞ്ഞത് മുന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ കുടുംബത്തിന് ധനസഹായം നൽകുന്നതിന്....അത് മൂന്ന് കൊല്ലം" എന്നുള്ളത് "ഒരു കൊല്ലമായി" മാറ്റണം. ...(തടസ്സം) 3 (4) (ജി)-ൽ ഈ ക്ലാസ് വരണ്ടേ ?

ശ്രീ. എം. എ. ബേബി : ...(തടസ്സം)

മി. സ്പീക്കർ : ഇല്ല. അങ്ങ് അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതിയിൽ അത് വന്നിട്ടില്ലായിരുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, വന്നിട്ടില്ല.

മി. സ്പീക്കർ : ഒരു വർഷം അംശദായം അടച്ച...

ശ്രീ. കെ. സി. ജോസഫ്: സർ, മിനിസ്റ്റർ പറഞ്ഞത് 15 കൊല്ലം എന്നുള്ളത് 5 കൊല്ലമായി ചുരുക്കി.

ശ്രീ. എം. എ. ബേബി : സർ, ഞാൻ ഇപ്പോൾ അവതരിപ്പിച്ചതിനകത്ത് പറയുന്നത്, ഒറ്റതവണ അടയ്ക്കുന്നത് "10 വർഷം എന്നുള്ളത് 5 വർഷമാക്കി" ചുരുക്കിയെന്നുള്ളതാണ്. മരണമടയുന്നവർക്കുള്ളത് ഇപ്പോൾ ഔദ്യോഗികമായി അംഗീകരിക്കുന്ന ഭേദഗതി "ക്ഷേമനിധി പദ്ധതിയിൽ അംഗമാകുന്ന ഒരാൾ മരണമടഞ്ഞാൽ." സമയപരിധി ഇല്ല. അംഗം ആയ ആൾക്കും... അംഗമായിട്ടുണ്ടോ.... അവർക്ക് മരണമടഞ്ഞതിനുള്ള സാമ്പത്തികസഹായം ഉൾപ്പെടെയുള്ളത് അവരുടെ കുടുംബങ്ങൾക്ക് ലഭിക്കുന്ന തരത്തിലാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ : ഒരു മാസത്തെ അംശദായം അടച്ച ആൾക്കും കിട്ടും.

ശ്രീ. എം. എ. ബേബി : ഒരു മാസം പോലും പറയുന്നില്ല. ഇതിൽ അംഗമായി ചേർന്ന ഒരാൾ അടുത്ത ദിവസം അപകടത്തിൽപ്പെട്ട് മരിച്ചുവെന്ന് വരും. അവർക്ക് സഹായം കൊടുക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ് : സർ 3 (4) (ജി)-യിൽ പ്രധാനമായും മാറ്റം വരുത്തണം. ആ വകുപ്പ് ബില്ലിൽ കിടക്കുകയും മിനിസ്റ്റർ പറഞ്ഞത് നിൽക്കുകയും ചെയ്താൽ ഒരു contradiction ഉണ്ടാകും....(തടസ്സം)... ഇനി വരാൻ പറ്റില്ലല്ലോ. അവതരിപ്പിച്ചുകഴിഞ്ഞില്ലേ ? മൂന്നാം വകുപ്പിന്റെ ഒഫിഷ്യൽ അമെന്റുമെന്റ് മന്ത്രി മൂവ് ചെയ്തുകഴിഞ്ഞില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഓറലായി അമെന്റുമെന്റ് നടത്താമല്ലോ.

ശ്രീ. കെ. ബാബു : സർ, മൂന്നാം വകുപ്പ് തീരുമ്പോൾ അതിന്റെ ഭേദഗതി കൂടി ഇപ്പോൾ വേണ്ടേ ?

ശ്രീ. കെ. സി. ജോസഫ് : സർ, മൂന്നാം വകുപ്പിന്റെ ആദ്യം മന്ത്രിയുടെ അമെന്റുമെന്റ് വരണ്ടേ സർ ? പിന്നീടല്ലേ മെമ്പർമാരെ വിളിക്കുന്നത്.

മി. സ്പീക്കർ : ആദ്യം അവതരിപ്പിച്ചു കഴിഞ്ഞിരുന്നു. രണ്ട് ഭേദഗതിയാണ് പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ് : സർ, അത് വരുമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എം. എ. ബേബി : ബാക്കിയുള്ള മെമ്പർമാരുടേത് ഉൾപ്പെടെ എടുത്തിട്ടാണ് ഞാൻ ബാക്കിയുള്ളത് അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ : അംശാദായം അടച്ചതിന്റെ കാര്യമാണോ പറയേണ്ടത്.

ശ്രീ. എം. എ. ബേബി : അതെ.

മി. സ്പീക്കർ : അത് ബില്ലിന്റെ ഭാഗമാക്കണം.

ശ്രീ. കെ. സി. ജോസഫ് : സർ, അതിൽ എന്താണ് വ്യത്യാസം വരുന്നത് ? ഇവിടെ ഒരു ക്ലാസ് എടുക്കുമ്പോഴെക്കും മിനിസ്റ്ററുടെ ഒഫീഷ്യൽ അമെന്റുമെന്റ് ആദ്യം വരണം. പിന്നീടാണ് അംഗങ്ങളുടേത് വരേണ്ടത്.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ്, അദ്ദേഹം രണ്ട് ഒഫീഷ്യൽ അമെന്റുമെന്റ് പറഞ്ഞു.

ശ്രീ. കെ. സി. ജോസഫ് : സർ, ഇക്കാര്യം അതിൽ വന്നിട്ടില്ല.

മി. സ്പീക്കർ : യെസ്. അത് വന്നിട്ടില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, അദ്ദേഹം പറയുന്നത് ....(തടസ്സം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് ഒഫീഷ്യൽ അമെന്റുമെന്റ് ഉണ്ടെങ്കിൽ അത് ആദ്യം അവതരിപ്പിക്കുക.

ശ്രീ. കെ. സി. ജോസഫ് : സർ, മൂന്നാം വകുപ്പിന്റെ എല്ലാ ഔദ്യോഗിക ഭേദഗതികളും അങ്ങ് ആദ്യം അവതരിപ്പിക്കണം.

ശ്രീ. കെ. ബാബു : സർ, അങ്ങ് കെ.സി.-യുടെ അംഗീകരിച്ചാൽ....(തടസ്സം)...

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫിന്റെ ഭേദഗതി അംഗീകരിച്ചാൽ 3 വർഷം എന്നുള്ളത് ഒരു വർഷമായി ചുരുക്കണം. അദ്ദേഹം പറയുന്നത് ഒരു പ്രാവശ്യം അടച്ചാൽ മതിയെന്നാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, അതാണ് നല്ലത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേക്ക് അത് ഓറൽ അമെന്റുമെന്റായി അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, 158-ാം നമ്പർ ഭേദഗതിയിൽ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 3 (4) (ജി)-യിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗം "എന്നതിനുപകരം" അംഗമായി ചേർന്ന "ഏതൊരാൾക്കും അവർ" എന്ന് ചേർക്കുക.

ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായി ചേർന്നവർ മരണമടഞ്ഞാൽ, അവർക്ക് മരണമടഞ്ഞവർക്കുള്ള സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള കാലാവധി കുറഞ്ഞത് മൂന്ന് വർഷമെങ്കിലും എന്ന് നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ ഭേദഗതിവരുത്തി അംഗമായി ചേർന്നിട്ടുള്ള ഏതൊരാൾക്കും മരണമടഞ്ഞാലുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നതായിരിക്കും.

മി. സ്പീക്കർ: യെസ്. അപ്പോൾ ക്ലിയറായി.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ എന്റെ 151-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3(4) (ഡി)-യിൽ "അവശതമൂലം" എന്ന വാക്കിനുശേഷം അല്ലെങ്കിൽ "അംഗവൈകല്യം മൂലം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോർജ് മേഴ്സിയർ: സർ, ഞാൻ എന്റെ 154-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 3(4) (ഇ) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(ഇ) നിധിയിലേക്ക് മൂന്നു മാസത്തിൽ കൂടുതൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യവും മറ്റ് എല്ലാതരം നിയമപരമായ ഗർഭാവസ്ഥ ചികിത്സാ സഹായവും നൽകുന്നതിന്" എന്ന് മാറ്റപ്പെടുത്തുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ എന്റെ 168-ാം നമ്പർ ഭേദതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 3(4) -ലെ (ഐ)യ്ക്കുശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

"(ജെ) ഈ നിയമം പ്രാബല്യത്തിൽ വരുന്ന തീയതിക്കുമുമ്പ് അറുപത് വയസ്സ് പൂർത്തിയാവുകയും, നിലവിൽ സാംസ്കാരിക പ്രവർത്തനം നടത്താൻ ശേഷിയില്ലാതാവുകയും ചെയ്ത മുൻകാല സാംസ്കാരിക പ്രവർത്തകർക്ക് സഹായം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇനി മറ്റ് ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ആദ്യമായി ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച പ്രശ്നം, ഭേദഗതി നമ്പർ 160 ഖണ്ഡം 3(4) (ജി) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക

"(ജി) നിധിയിലെ ഒരംഗം മരണമടഞ്ഞാൽ കുടുംബത്തിന് ധനസഹായം നൽകുന്നതിന്"

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി അംഗീകരിക്കുകയാണ്. ശ്രീ. കെ. ശിവദാസൻ നായരുടെ 138-ാം നമ്പർ ഭേദഗതി അത് ഒരു അച്ചടിപ്പിശകാണ് അത് തിരുത്തുന്നു. ശ്രീ. വർക്കല കഹാറിന്റെ 139-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. എം. ചന്ദ്രന്റെ 151-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

152, 153, 154 എന്നീ നമ്പർ ഭേദഗതികൾ ലയിപ്പിച്ച് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുകയാണ്.

(152) ഖണ്ഡം 3(4) (ഇ)-ൽ "കുറഞ്ഞത് ഒരു വർഷമെങ്കിലും" എന്നീ വാക്കുകൾക്കുപകരം "മൂന്ന് മാസത്തിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കുക.

(153) ഖണ്ഡം 3(4) (ഇ)-ൽ "ഒരു വർഷമെങ്കിലും" എന്നതിനുപകരം "ആറ് മാസമെങ്കിലും" എന്ന് ചേർക്കുക.

(154) ഖണ്ഡം 3(4) (ഇ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(ഇ) നിധിയിലേക്ക് മൂന്നു മാസത്തിൽ കൂടുതൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യവും മറ്റ് എല്ലാതരം നിയമപരമായ ഗർഭോത്സവ ചികിത്സാ സഹായവും നൽകുന്നതിന്"

"ഒരുവർഷം" എന്നുള്ളത് "മൂന്നുമാസം" ആയി കുറയ്ക്കുകയാണ്. ഈ പദ്ധതിയിൽ ചേർന്നവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. ഇത് പ്രസവാനുകൂല്യവുമായി ബന്ധപ്പെട്ടതാണ്.

155, 156 എന്നിവ ലയിപ്പിച്ച് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുകയാണ്.

(155) ഖണ്ഡം 3(4) (എഫ്)-ൽ-"രണ്ട് വർഷമെങ്കിലും" എന്നതിനു പകരം "ആറ് മാസമെങ്കിലും" എന്ന് ചേർക്കുക.

(156) ഖണ്ഡം 3(4) (എഫ്)-ൽ രണ്ട് വർഷമെങ്കിലും എന്നതിനു പകരം ഒരു വർഷം എന്ന് ചേർക്കുക.

വിവാഹ ധനസഹായം സംബന്ധിച്ചാണ്. അതിന്റെ കാലാവധി "രണ്ടുവർഷം" എന്നുള്ളത് "ആറുമാസം" ആയി കുറയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് സബ്ജക്ട് കമ്മിറ്റിയിൽ നന്നായി ചർച്ച ചെയ്തില്ലേ ?

ശ്രീ. എം. എ. ബേബി : ചർച്ച ചെയ്തു. എല്ലാ വിശദാംശങ്ങളും സംബന്ധിച്ച് ചർച്ച ചെയ്തില്ല. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 132, ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 138, ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 139, ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 151, എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 133, 136, 142, 148, 166-എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എ. ഷുക്കൂർ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 143, 145, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 4(2)-ൽ അവസാനഭാഗത്ത് "വ്യവസ്ഥ ചെയ്യാവുന്നത്" എന്നതിനുപകരം "തീരുമാനിക്കാവുന്നതാണ്" എന്ന് ചേർക്കുക

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. എം. പ്രകാശൻമാസ്റ്റർ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

(ഭേദഗതിയില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെഭാഗമായി.

6-ാം വകുപ്പ്

ശ്രീ. പ്രകാശൻ മാസ്റ്റർ : : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 6(2)-ൽ "സംയോജകനും വിതരണക്കാരനും അടിസ്ഥാനവും" എന്നതിനുശേഷം "പ്രതിമാസം അഞ്ഞൂറുരൂപ നിരക്കിലും എന്ന് കൂടി ചേർക്കുക"

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

182. ഖണ്ഡം 6(2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(2) സിനിമാ നിർമ്മാതാവും സംവിധായകനും ചിത്ര സംയോജകനും ഗാനരചയിതാവും കൃമറാ സംവിധായകനും വിതരണക്കാരനും അഭിനേതാവും പ്രതിമാസം മുന്നൂറ് രൂപ നിരക്കിലും ടെലിവിഷൻ സീരിയലുകളിലെ അഭിനേതാവും സംവിധായകനും നിർമ്മാതാവും പ്രതിമാസം ഇരുന്നൂറ് രൂപ നിരക്കിലും സ്റ്റുഡിയോകളുടേയും ലാബുകളുടേയും തീയേറ്ററുകളുടേയും ഉടമകൾ പ്രതിമാസം അഞ്ഞൂറ് രൂപാ നിരക്കിലും നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്."

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 6(6)-ൽ "(3)-ഉം" എന്നത് നീക്കം ചെയ്യുക

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേഗതി അവതരിപ്പിക്കുന്നു

190. ഖണ്ഡം 6(6)-ൽ "മുന്നുവർഷത്തിലൊരിക്കൽ" എന്നതിനുശേഷം "ബോർഡുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. ജോർജ് മേഴ്സിയർ : സർ, ഞാൻ താഴെപ്പറയുന്ന ഭേഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 6(6)-ൽ "മുന്നുവർഷത്തിലൊരിക്കൽ" എന്നതിനുപകരം "അഞ്ച് വർഷത്തിലൊരിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി .അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(192) (i) ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പത്ത് വർഷത്തെ" എന്നതിന് പകരം "അഞ്ച് വർഷത്തെ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 7(3)-ൽ "പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള കാലയളവിനുള്ളിലും അങ്ങനെയുള്ള രീതിയിലും" എന്നതിനുപകരം "പദ്ധതിയിൽ നിർദ്ദേശിക്കുന്ന നിശ്ചിത രീതിയിലും കാലയളവിനുള്ളിലും ഏറ്റവും കുറഞ്ഞ പെൻഷൻ ലഭിക്കുന്നതിനായി" എന്ന് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ് : അഞ്ച് നേരത്തെ പറഞ്ഞത് മെമ്പർഷിപ്പ് മാത്രമുണ്ടെങ്കിൽ എല്ലാ ആനുകൂല്യങ്ങളും കിട്ടും. ഇപ്പോൾ പറയുന്നു 60 വയസ്സ് കഴിഞ്ഞ ഒരാളിന് അഞ്ചുകൊല്ലത്തെ അംശദായം ഒന്നിച്ചടയ്ക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ജീവിച്ചിരിക്കുമ്പോൾ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കിട്ടാനാണ്. ഒരാൾ മരണമടഞ്ഞാൽ അയാൾ അംഗമാണെങ്കിൽ അദ്ദേഹത്തിന് ആനുകൂല്യം കിട്ടും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

193. ഖണ്ഡം 7(1)- ൽ "പതിനെട്ട് വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ അൻപത് വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ" എന്നതിനു പകരം "പതിനെട്ട് വയസ്സ് പൂർത്തിയായ" എന്ന് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അറുപത്" എന്ന വാക്കിനു പകരം "നാൽപ്പത്തിയഞ്ച്" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾഖാദർ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(202) (i) ഖണ്ഡം 8(4) (ബി)-യിൽ "ടെലിവിഷൻ" എന്നതിനുപകരം "ഇലക്ട്രോണിക് മാധ്യമം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 8(4) (ജെ)-യിൽ "കേരള അക്കാഡമി" എന്നതിനുപകരം "കേരള സാഹിത്യ അക്കാഡമി" എന്ന് ചേർക്കുക.

(iii) ഖണ്ഡം 8(10) ആയി താഴെപ്പറയും പ്രകാരം പുതുതായി ചേർക്കുക :

"നിധിയുടെ സുഗമമായ നടത്തിപ്പിനായി ബോർഡ് (എ) സാഹിത്യം, സംസ്കാരം തുടങ്ങിയവ (ബി) സംഗീതം, നാടകം, ചിത്രകല, നാടൻകല തുടങ്ങിയവ (സി) ചലച്ചിത്രം (ഡി) ഇലക്ട്രോണിക് മാധ്യമങ്ങളും കലകളും എന്നിങ്ങനെ നാല് ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ഉപസമിതികൾക്ക് ചെയർമാനും മൂന്ന് അംഗങ്ങളും ഉണ്ടാകാവുന്നതാണ്. ബന്ധപ്പെട്ട മേഖലയിലെ പദ്ധതികൾക്കുള്ള ശിപാർശ സമർപ്പിക്കേണ്ടത് ഈ ഉപസമിതികളാണ്."

ശ്രീ. എ. എ. ഷുക്കൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 8(1)-ൽ നിധിയുടെ "ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും" എന്നതിനുശേഷം "വിനിയോഗത്തിനും" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 8(2)-ൽ "ചെയ്യേണ്ടതുമാകുന്നു" എന്നതിനുപകരം "ചെയ്യാവുന്നതുമാണ്" എന്ന വാക്ക് ചേർക്കുക

ശ്രീ. കെ. സി.ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

207. ഖണ്ഡം 8 (4)-ൽ "ഇരുപത്തിരണ്ട് എന്നതിനുപകരം" "ഏഴ് അനൗദ്യോഗിക" എന്ന വാക്കുകൾ ചേർക്കുക.

ഈ ഭേദഗതിയിൽ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന്റെ അംഗസംഖ്യ 22-ന് പകരം പരമാവധി 7 മെമ്പർമാർ മതി.

209. ഖണ്ഡം 8(4) (എ)-യിൽ "ആറ് അംഗങ്ങൾ അവരിൽ രണ്ടു പേർ വനിതകൾ ആയിരിക്കണം" എന്ന വാക്കുകൾക്കുപകരം "രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയായിരിക്കണം" എന്ന വാക്കുകൾ ചേർക്കുക

212. ഖണ്ഡം 8(4) (സി)-യിൽ "നാല്" എന്ന വാക്കിനുപകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക

220. ഖണ്ഡം 8(4)-ൽ (ഡി) മുതൽ (എം) വരെയുള്ള ഔദ്യോഗിക അംഗങ്ങളുടെ ലിസ്റ്റിന് പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

"(ഡി) സാംസ്കാരിക വകുപ്പ് സെക്രട്ടറി"

(ഇ) "ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ"

അങ്ങ് പറഞ്ഞ ഒരു പ്രശ്നം ഇവിടെ പ്രസക്തമാണ്. നമ്മുടെ സബ്ജക്ട് കമ്മിറ്റി ഈ ബിൽ സ്ക്രൂട്ടിനി നടത്തിയിട്ടില്ല. സാംസ്കാരിക നിധിയുടെ ക്ഷേമനിധി ബോർഡിൽ 22 ഡയറക്ടർമാരാണ്. ആകെ രണ്ടു ശതമാനമാണ് സംസ്ഥാന ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ, ബാക്കി മുഴുവൻ പാവപ്പെട്ട സാംസ്കാരിക പ്രവർത്തകരുടെ അംശദായമാണ് ഇതിന്റെ ക്യാപ്പിറ്റൽ ഫണ്ട് എന്ന് പറയുന്നത്. ലോട്ടറിയിൽ നിന്ന് കിട്ടിയ ഒരുകോടി അൻപത്തിയൊന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപ. ബാക്കി പണം പാവങ്ങളുടെ പിച്ചച്ചട്ടിയിൽ നിന്നാണ് സമാഹരിക്കുന്നത്. അതിന് 22 ബോർഡ് മെമ്പർമാർ ആവശ്യമുണ്ടോ ? ഇന്ന് കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങളുടെ കാര്യം ചർച്ച ചെയ്തു. അനന്തകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് The syndicate would be the chief executive and policy making body may have a maximum of 15 numbers. ഇതിൽ പരമാവധി 15 പേർ മതി. ഈ സാംസ്കാരിക നിധിയിൽ ജോലിയെന്താണ്, ഇവർക്ക് പെൻഷൻ കൊടുക്കുന്ന ഒരു കാര്യത്തിനുവേണ്ടി

22 പേരെ തീറ്റിപ്പോറ്റാനും അവർക്ക് റ്റി.എ.-യും ഡി.എ.-യും കൊടുക്കാനും അവരെ മെയ്ന്റയിൻ ചെയ്യാനുമാണെങ്കിൽ ഇത് സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമനിധി ആയിരിക്കില്ല. മെമ്പർമാരുടെ ക്ഷേമനിധി ആയിരിക്കും. അതുകൊണ്ട് ദയവായി അങ്ങ് ആലോചിച്ച് ഈ ബോർഡ് മെമ്പർമാരുടെ എണ്ണം കുറയ്ക്കണം. എന്റെ ഭേദഗതി 22 മെമ്പർമാർക്കുപകരം ഏഴ് മെമ്പർമാർ മതി എന്നാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

210. ഖണ്ഡം 8(4)(സി)-യിൽ "സംഗിതം" എന്ന വാക്കിനുപകരം "സംഗീതം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 8(4) (സി)-യിൽ "കല, സാഹിത്യം, സംഗിതം" എന്നീ വാക്കുകൾക്ക് പകരം "കല, സാഹിത്യം സംഗീതം," "അനുകരണകല" എന്ന് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 8(4) (ഇ)-യിൽ "പ്രതിനിധീകരിച്ച്" എന്ന വാക്കിനുശേഷം "ജോയിന്റ് സെക്രട്ടറി പദവിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 8 (5)-ൽ "ഡയറക്ടർമാരിൽ ഒരാളെ" എന്നതിനുപകരം "അനൗദ്യോഗിക ഡയറക്ടർമാരിൽ ഒരാളെ" എന്ന് ചേർക്കുക.

ഇവിടെ ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് വളരെ പ്രധാനപ്പെട്ടതാണ്. വെൽഫയർ ബോർഡുകൾ രൂപീകരിക്കുമ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട കൺസെപ്റ്റ് ഒരിക്കലും അതിന്റെ എക്സ്പെൻസ് 5 ശതമാനത്തിൽ കൂടാൻ പാടില്ല എന്നുള്ളതാണ്. ഇപ്പോൾ ഒന്നോ രണ്ടോ വെൽഫയർ ഫണ്ടിലേക്കു മാത്രമേ ഗവൺമെന്റ് കോൺട്രിബ്യൂഷനുള്ളൂ. എല്ലാം സാധാരണക്കാരായ തൊഴിലാളികളുടെയും പാവങ്ങളുടെയുംഭാഗത്തുനിന്ന് വരുന്ന കോൺട്രിബ്യൂഷനാണ്. അപ്പോൾ ഒരു മാതൃകാ വെൽഫയർ ബോർഡിന്റെ എക്സ്പെൻസ് 5 ശതമാനത്തിൽ കൂടാൻ പാടില്ല. അതുകൊണ്ട് അനാവശ്യമായി ഈ വെള്ളാനകളെയൊക്കെ ചുമക്കുന്നതിനുപകരം അതിന്റെ എണ്ണം കുറയ്ക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 8(9)-ന്റെ അവസാനഭാഗത്ത് "മറ്റെതെങ്കിലുമൊരു ആഫീസർക്കോ" എന്നതിനുശേഷം "ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്" എന്നതിനു മുമ്പായി ബോർഡ് തീരുമാനത്തിനു വിധേയമായി എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 8(9)-ന് ശേഷം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, കാലാവധി പൂർത്തിയാക്കിയ ഒരു അനൗദ്യോഗിക ഡയറക്ടർക്ക് വീണ്ടും ഒരു തവണ കൂടി തുടരുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല"

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ആദ്യമായി ആദരണീയരായ അംഗങ്ങൾ ഉന്നയിച്ച ഇതിന്റെ സംഖ്യയെക്കുറിച്ചുള്ള ഒരു വിഷയമുണ്ട്. ഇതിൽ 22 അംഗങ്ങളുണ്ടെന്ന് പറയുമ്പോൾ 12 പേർ മാത്രമാണ് അനൗദ്യോഗിക അംഗങ്ങൾ. ബാക്കിയെല്ലാവരും സാംസ്കാരിക വകുപ്പിന്റെ പ്രതിനിധി, ഗവൺമെന്റിന്റെ പ്രതിനിധി, അക്കാദമികളുടെ സെക്രട്ടറിമാർ എന്നീ നിലകളിലുള്ളവരാണ്. 12 പേരാണ് അനൗദ്യോഗിക അംഗങ്ങളായി വിവിധ മേഖലകളെ പ്രതിനിധാനം ചെയ്ത് ഈ സമിതിയിലുള്ളത്. ഇവിടെ ചർച്ചയിൽ പങ്കെടുത്തപ്പോൾ പലരും പറഞ്ഞത് പല മേഖലകൾക്കും അർഹമായ പ്രാതിനിധ്യമില്ലായെന്നാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് വേണമെങ്കിൽ ലൈബ്രറി കൗൺസിലിന്റെ പ്രതിനിധി എന്നൊക്കെ പറഞ്ഞ് വീണ്ടും ഇത് വർദ്ധിപ്പിക്കാമായിരുന്നു. ചർച്ചയിൽ പങ്കെടുത്തവരുടെ ഒരു സമീപനം വിവിധ മേഖലകളുടെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് ഈ ക്ഷേമപദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കണമെന്നുള്ള അർത്ഥത്തിലാണ്. ബഹുമാനപ്പെട്ട അംഗം കെ. സി. ജോസഫിനെ പോലുള്ളവർ ഇതിന്റെ അംഗസംഖ്യ വർദ്ധിച്ചാൽ എന്ത് പറയുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടാണ് ഈ നിർദ്ദേശങ്ങളൊന്നും സ്വീകരിക്കാതെ അവരെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഈ ക്ഷേമനിധി ബോർഡിന്റെ എണ്ണം വർദ്ധിപ്പിക്കാതിരുന്നത്.

ശ്രീ. കെ. സി. ജോസ്ഫ് : സർ, ഇപ്പോൾ കഥകളിയുടെ കാര്യത്തിൽ ഒരു അപേക്ഷ കിട്ടിയാൽ കേരള കലാമണ്ഡലത്തിന്റെ ശിപാർശ വാങ്ങിച്ചാൽ മതി. കലാമണ്ഡലത്തിന്റെ ആളുകളെല്ലാം തന്നെ തിരുവനന്തപുരത്ത് യോഗത്തിന് വരേണ്ടി വരും. അങ്ങനെ വരുമ്പോൾ അവർക്ക് ടി. എ. കൊടുക്കേണ്ടതായും വരും. സംഗീത നാടക അക്കാഡമി, ലളിത കലാ അക്കാഡമി, കലാമണ്ഡലം രജിസ്ട്രാർ ഇവരെല്ലാം യോഗത്തിന് തിരുവനന്തപുരത്ത് വരണം. അവർക്കെല്ലാം ടി.എ. കൊടുക്കണം. ഫലത്തിൽ ഈ കിട്ടുന്ന പണം അവർക്ക് ടി. എ. കൊടുക്കാൻ മാത്രമേ തികയൂ. അതുകൊണ്ട് ഈ ജംബോ കമ്മിറ്റി ഒഴിവാക്കണം. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽപ്പോലും 15 പേർ മതിയെന്ന് പറയുകയും ഈ ക്ഷേമനിധി ബോർഡിൽ 22 പേർ എന്ന് പറയുന്നത് ഒരിക്കലും ആവശ്യമില്ല.

ശ്രീ. എം. എ. ബേബി : സർ, ബഹുമാനപ്പെട്ട അംഗം കെ. സി. ജോസഫ് പറഞ്ഞ ആ വശം കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോൾ ഔദ്യോഗികമായ ഒരു ഭേദഗതി മൂവ് ചെയ്തത്. വിവിധ മേഖലകളിൽപ്പെട്ട കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാനും തീരുമാനമെടുക്കാനും ഉപസമിതിയെ ചുമതലപ്പെടുത്തുന്ന കാര്യം നമ്മളിപ്പോൾ തീരുമാനിച്ചു കഴിഞ്ഞു. ക്ഷേമനിധി ബോർഡിന്റെ യോഗം എപ്പോഴും വിളിച്ചു ചേർക്കാതെ ഉപസമിതികൾക്ക് യോഗം ചേർന്ന് കാര്യങ്ങൾ തീരുമാനിക്കാൻ കഴിയും. നയപരമായ കാര്യങ്ങൾക്ക് മാത്രമേ ഈ ക്ഷേമനിധി ബോർഡിന്റെ യോഗം കൂടേണ്ടതുള്ളൂ. എപ്പോഴും യോഗം ചേർന്ന് ധനചെലവുണ്ടാകുമെന്നുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ടാണ് എപ്പോഴും ക്ഷേമനിധി ബോർഡ് കൂടാത്ത വിധത്തിൽ ഉപസമിതികൾക്കുള്ള സംവിധാനം ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ് : സർ, ഒന്നുകിൽ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നു അല്ലെങ്കിൽ അങ്ങ് അത് വായിച്ചിട്ടില്ല. ബോർഡ് ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും കുറഞ്ഞത് 3 മാസത്തിലൊരിക്കലോ ആവശ്യമാണെന്ന് കാണുന്ന പക്ഷം അതിൽ കൂടുതൽ പ്രാവശ്യമോ യോഗം ചേരേണ്ടതാണ്. അപ്പോൾ മിനിമം മൂന്നുമാസത്തിലൊരിക്കൽ, ആവശ്യമെങ്കിൽ അതിൽ കൂടുതലും. അങ്ങനെ വരുമ്പോൾ അങ്ങ് പറഞ്ഞത് ശരിയല്ല.

ശ്രീ. എം. എ. ബേബി : സർ, മൂന്നുമാസത്തിലൊരിക്കൽ എന്നു പറഞ്ഞാൽ ഒരു വർഷത്തിൽ ആകെ നാല് തവണയാണ് യോഗം ചേരുന്നത്. അത് മോശമാണെന്ന് പറയാൻ കഴിയുമോ?

ശ്രീ. എം. ഉമ്മർ : സർ, ഞാനിവിടെ പ്രസംഗിച്ച കൂട്ടത്തിൽ പറഞ്ഞത് ഈ 10 അംഗങ്ങൾ മുഴുവൻ സിനിമയിൽ നിന്നുള്ളവരാണ്. അതിനുപകരമായി നാടൻ കലയിൽ നിന്നും മാപ്പിള കലയിൽനിന്നുമുള്ള ഒരാളെ എടുക്കണമെന്നാണ് പറഞ്ഞത്. അല്ലാതെ അംഗങ്ങളെ കൂട്ടണമെന്നുള്ളതല്ല.

പ്രൊഫ. എൻ. അയരാൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

222. ക്ലോസ് 8 (5) താഴെപ്പറയും പ്രകാരം തിരുത്തുക.

"ബോർഡിലെ ഡയറക്ടർമാരിൽ എക്സ്-ഓഫിഷ്യോ അംഗങ്ങൾ ഒഴികെ ഒരാളെ ചെയർമാനായി സർക്കാരിന് നിയമിക്കാവുന്നതാണ്."

സർ, ഇവിടെ പറഞ്ഞ വികാരത്തിനനുസരിച്ചാണ് ഞാൻ എന്റെ ഭേദഗതി കൊടുത്തത്. കാരണം എക്സ് ഓഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള ആളുകൾ അതാണ് ഈ 12 പേരും. ചെയർമാന്റെ കാലാവധി തീരുന്ന അവസ്ഥയിൽ പകരം എക്സ് ഒഫിഷ്യോ അംഗങ്ങളെ വയ്ക്കരുതെന്നാണ് എന്റെ ഭേദഗതി. അതല്ലായെങ്കിൽ പിന്നെ ഈ 22 പേരിൽ ആരെ വേണമെങ്കിലുമാക്കാം.

ശ്രീ. കെ. സി. ജോസഫ് : സർ, 207-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ : 19

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. കെ. ബാബു
5. ശ്രീ. ബി. ബാബു പ്രസാദ്
6. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
7. ശ്രീ. ജോർജ് മേഴ്സിയർ
8. പ്രൊഫ. എൻ. ജയരാജ്
9. ശ്രീ. കെ. സി. ജോസഫ്
10. ശ്രീ. ജോസഫ് എം. പുതുശ്ശേരി
11. ശ്രീ. റ്റി. യു. കുരുവിള
12. ശ്രീ. മോൻസ് ജോസഫ്
13. ശ്രീ. സി. പി. മുഹമ്മദ്
14. ശ്രീ. അടൂർ പ്രകാശ്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. വി. ഡി. സതീശൻ
17. ശ്രീ. എ. എ. ഷുക്കൂർ
18. ശ്രീ. എം. ഉമ്മർ
19. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ : 55

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. അൽഫോൺസ് കണ്ണന്താനം
4. ശ്രീമതി ജെ. അരുന്ധതി
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. പള്ളിപ്രം ബാലൻ
11. ശ്രീമതി ഇ. എസ്. ബിജി മോൾ
12. ശ്രീ. ബിനോയ് വിശ്വം
13. ശ്രീ. എ. കെ. ചന്ദ്രൻ
14. ശ്രീ. എം. ചന്ദ്രൻ
15. ശ്രീ. വി. ചെന്താമരാക്ഷൻ
16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. എം. ദിനേശ് മണി
18. ശ്രീ. കെ. കെ. ദിവാകരൻ
19. ശ്രീ. എം. ഹംസ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജോസ് ബേബി
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. പി. കൃഷ്ണപ്രസാദ്
25. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കെ. വി. കുഞ്ഞിരാമൻ
28. ശ്രീ. ടി. പി. കുഞ്ഞുണ്ണി
29. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. എം. എം. മോനായി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. പി. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. എം. പ്രകാശൻ മാസ്റ്റർ

35. ശ്രീ. എം. കെ. പുരുഷോത്തമൻ

36. ശ്രീ. പി. ടി. എ. റഹീം

37. ശ്രീ. എൻ. രാജൻ

38. ശ്രീ. കെ. പി. രാജേന്ദ്രൻ

39. ശ്രീ. രാജു എബ്രഹാം

40. ശ്രീ. കെ. രാജു

41. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

42. ശ്രീ. മുല്ലക്കര രത്നാകരൻ

43. പ്രൊഫ. സി. രവീന്ദ്രനാഥ്

44. ശ്രീ. സാജു പോൾ

45. ശ്രീമതി കെ. എസ്. സലീഖ

46. ശ്രീ. വി. ശശികുമാർ

47. ശ്രീ. എസ്. ശർമ്മ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. ജി. സുധാകരൻ

50. ശ്രീ. വി. എസ്. സുനിൽ കുമാർ

51. ശ്രീ. പി. തിലോത്തമൻ

52. ഡോ. ടി. എം. തോമസ് ഐസക്

53. ശ്രീ. വി. എൻ. വാസവൻ

54. ശ്രീ. എം. വിജയകുമാർ

55. ശ്രീ. എ. എം. യൂസഫ്

അനുകൂലിക്കുന്നവർ- 19

പ്രതികൂലിക്കുന്നവർ-55

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി 19-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, എട്ടാം വകുപ്പിൽ ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 210, ശ്രീ. കെ. സി. ജോസഫിന്റെ 220, ശ്രീ. എ. പി. അബ്ദുള്ള കുട്ടിയുടെ 224, ശ്രീ. അടൂർ പ്രകാശിന്റെ 214, എന്നീ ഭേദഗതികൾ സ്വീകരിക്കാവുന്നതാണ്. ശ്രീ. എൻ. ശക്തന്റെ 215-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സ്വീകരിക്കാവുന്നതാണ്.

215. ഖണ്ഡം 8 (4) (എഫ്)-ൽ "പ്രതിനിധീകരിച്ച്" എന്ന വാക്കിനു ശേഷം "ജോയിന്റ് സെക്രട്ടറി പദവിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 210, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 220, ശ്രീ. എ. പി. അബ്ദുള്ള കുട്ടി അവതരിപ്പിച്ച 224, ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 214 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 222, ശ്രീ. എ. എ. ഷുക്കൂർ അവതരിപ്പിച്ച 203, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 204, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 207, 209, 212, ശ്രീ. കെ. ബാബു അവതരിപ്പിച്ച 211, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 221, എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. എം. എ. ബേബി: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

225-ൽ ഖണ്ഡം 9-ൽ അനൗദ്യോഗിക എന്ന വാക്ക് ഒഴിവാക്കുക.

226. ഖണ്ഡം 9-ൽ "മൂന്നുവർഷമായിരിക്കുന്നതാണ്" എന്നതിനുപകരം "നാലുവർഷമായിരിക്കുന്നതാണ്" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 9-ൽ "മൂന്നുവർഷം" എന്നതിനുപകരം "അഞ്ചുവർഷം" എന്നുചേർക്കുക.

ശ്രീ. എം. എ. ബേബി : ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

പ്രൊഫ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

229. ഖണ്ഡം 10(2)-ന്റെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

231. ഖണ്ഡം 10(3)-ൽ "ഉടൻതന്നെ" എന്ന വാക്കിനു പകരമായി "മൂന്നു മാസങ്ങൾക്കകമായി" എന്ന് ചേർക്കുക.

ശ്രീ. ജോർജ് മേഴ്സിയർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 10(5)-ൽ "നടത്തിയിട്ടുള്ള" എന്നതിനുപകരം "നടത്തുന്ന" എന്ന് ചേർക്കുക.

ശ്രീ. എം. എ. ബേബി : സർ, പ്രൊഫ. എൻ. ജയരാജിന്റെ 231-ാം നമ്പർ ഭേദഗതി "മൂന്നുമാസങ്ങൾക്കകമായി" എന്നതിനുപകരം "മൂന്നുമാസങ്ങൾക്കുള്ളിൽ" എന്ന ഒരു ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 229, ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച 232 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(235) ഖണ്ഡം 11(2)-ന് ശേഷം ഉപഖണ്ഡം (3) ആയി താഴെപ്പറയുന്നത് ചേർക്കുക.

(3) മതിയായ കാരണത്തിനന്മേൽ മുൻകൂർ അറിയിപ്പുനൽകാതെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ സംബന്ധിക്കാത്ത അംഗത്തിന്റെ അംഗത്വം റദ്ദാകുന്നതാണ്

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(236) ഖണ്ഡം 11(2)-ന് ശേഷം ഉപഖണ്ഡം (3) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(3) മതിയായ കാരണത്തിനന്മേൽ മുൻകൂർ അറിയിപ്പുനൽകാതെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ സംബന്ധിക്കാത്ത അംഗത്തിന്റെ അംഗത്വം റദ്ദാകുന്നതാണ്"

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(237) ഖണ്ഡം 11(2)ന് ശേഷം ഉപഖണ്ഡം (3) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(3) മതിയായ കാരണത്തിനന്മേൽ മുൻകൂർ അറിയിപ്പുനൽകാതെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ സംബന്ധിക്കാത്ത അംഗത്തിന്റെ അംഗത്വം റദ്ദാകുന്നതാണ്"

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഇക്കാര്യത്തിൽ ശ്രീ. എം. എ. വാഹീദിന്റെ മുവ് ചെയ്യാത്ത അമെന്റ്മെന്റ് ഉണ്ട്. "മൂന്ന് മാസത്തിലൊരിക്കലോ" എന്നതിനുപകരം "രണ്ട് മാസത്തിലൊരിക്കലോ" അത് വേണമെങ്കിൽ സ്വീകരിക്കാവുന്നതാണ്. പക്ഷേ സ്വീകരിച്ചിട്ടില്ല. കാരണം ഇതിന്റെ യോഗം എപ്പോഴെല്ലാം കൂടുമെന്നുള്ള ആശയം ഉന്നയിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 236, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 237 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ശ്രീ. വർക്കല കഹാറിന്റെ 238-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(238) ഖണ്ഡം 12(ബി)യിൽ "പിൻബലവും പ്രോത്സാഹനവും" എന്നീ വാക്കുകൾക്കുശേഷം "പ്രചോദനവും" എന്ന വാക്ക് കൂടി ചേർക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

13-ാം വകുപ്പ്

ശ്രീ. ബി. ബാബു പ്രസാദ് : സർ, വർത്തമാനകാലത്ത് ഉണ്ടായിരിക്കുന്ന നിയമന തട്ടിപ്പിന്റെയും, യൂണിവേഴ്സിറ്റിയിലെ നിയമനവുമായി ബന്ധപ്പെട്ട ഒരുപാട് ആരോപണങ്ങളുടെയും വിവാദങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം നടക്കുന്ന സമയമാണിത്. ചട്ടങ്ങളൊക്കെ ഉണ്ടാകുന്നതിനു മുമ്പ് തന്നെ ഇത് പി.എസ്.സി.-ക്ക് വിടണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അതിൽ ശക്തമായി ഉറച്ചുനിൽക്കുകയാണ്.

(240) ഖണ്ഡം 13(3)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, സ്ഥിരം ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴി നടത്താൻ വ്യവസ്ഥ ചെയ്യേണ്ടതാണ്."

ശ്രീ. എം. ഉമ്മർ : സർ, ശ്രീ. ബി. ബാബുപ്രസാദ് പറഞ്ഞ ഭേദഗതിയോട് സമാനതയുള്ള ഭേദഗതിയാണ്. താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(242) ഖണ്ഡം 13(1)-ൽ, (i) "ജീവനക്കാരെയും" എന്നതിനുശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ" മുഖേന എന്ന് ചേർക്കുക.

(ii) ഉപഖണ്ഡം (1)നുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ പ്രാരംഭത്തിലെ നിയമനങ്ങൾ സർക്കാർ സ്ഥാപനങ്ങളിലെ അനധ്യാപക തസ്തികകളിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന ആയിരിക്കേണ്ടതുമാണ്."

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, സാധ്യമായിടത്തോളം എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടണം എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ടാണ് കാബിനറ്റ് യോഗം ചേർന്ന് കേരളത്തിലെ സർവ്വകലാശാലകളുടെ എല്ലാ അനദ്ധ്യാപക തസ്തികകളും പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്. ഈ ക്ഷേമനിധി ബോർഡിൽ ഒരുപാട് ഉദ്യോഗസ്ഥരെ കുത്തിത്തിരുകുക എന്ന ഉദ്ദേശത്തോടുകൂടിയല്ല, കലാകാരന്മാരെ സഹായിക്കാൻ വേണ്ടിയാണ്. കമ്പ്യൂട്ടറും ആധുനിക സൗകര്യങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം ക്ഷേമനിധി ബോർഡുകൾ നന്നായി മാനേജ് ചെയ്യാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ തന്നെ തസ്തികകളെക്കുറിച്ച് ചർച്ച ചെയ്യാൻ പോയാൽ പിന്നെ തസ്തികകൾ സൃഷ്ടിക്കലായിരിക്കും.

മി. സ്പീക്കർ : പിന്നീട് അവർക്ക് ശമ്പളം കൊടുക്കുവാനായിരിക്കും ക്ഷേമനിധി ബോർഡ്.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : അപ്പോൾ അതിനൊന്നും താല്പര്യമില്ല. ഇപ്പോൾ ആവശ്യമുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ എടുക്കാനാണ് തീരുമാനിക്കുന്നത്. അതേസമയം ആ ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ പ്യൂൺ പോലെയുള്ള ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകൾ വേണ്ടിവരും. ഉത്സാഹപൂർവ്വം ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുന്നവരെ വളരെ സുതാര്യമായ രീതിയിൽ നിയമിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സുദൃഢമാക്കിയതിനുശേഷം യാതൊരു സംശയവുംവേണ്ട ഈ ക്ഷേമനിധി ബോർഡിലെ എല്ലാ തസ്തികകളുടേയും നിയമനം പബ്ലിക്ക് സർവ്വീസ് കമ്മീഷനോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോ വിടാൻ കഴിയും. പക്ഷേ, ഇപ്പോൾ ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കണമെന്നുള്ളതുകൊണ്ട് ഇപ്പോൾ തന്നെ വിടണമെന്ന് പറഞ്ഞാൽ അതിന് കാലതാമസമുണ്ടാവുകയാണ് ചെയ്യുന്നത്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതാണ് ഇതു സംബന്ധിച്ചുള്ള നിലപാട്.

ശ്രീ. ബി. ബാബു പ്രസാദ് : സർ, 240-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. കെ. ബാബു
5. ശ്രീ. ബി. ബാബു പ്രസാദ്
6. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
7. ശ്രീ. ജോർജ് മേഴ്സിയർ
8. പ്രൊഫ. എൻ. ജയരാജ്
9. ശ്രീ. ജോസഫ് എം. പുതുശ്ശേരി
10. ശ്രീ. റ്റി. യു. കുരുവിള
11. ശ്രീ. മോൻസ് ജോസഫ്
12. ശ്രീ. സി. പി. മുഹമ്മദ്
13. ശ്രീ. എം. അുരളി
14. ശ്രീ. അടൂർ പ്രകാശ്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. വി. ഡി. സതീശൻ
17. ശ്രീ. എ. എ. ഷുക്കൂർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീമതി ജെ. അരുന്ധതി
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീ. പള്ളിപ്രം ബാലൻ
10. ശ്രീമതി ഇ. എസ്. ബിജി മോൾ
11. ശ്രീ. ബിനോയ് വിശ്വം
12. ശ്രീ. എ. കെ. ചന്ദ്രൻ
13. ശ്രീ. എം. ചന്ദ്രൻ
14. ശ്രീ. വി. ചെന്താമരാക്ഷൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. എം. ദിനേശ് മണി
17. ശ്രീ. കെ. കെ. ദിവാകരൻ
18. ശ്രീ. എം. ഹംസ
19. ശ്രീ. കെ. ടി. ജലീൽ
20. ശ്രീ. ജോസ് ബേബി
21. ശ്രീ. ജോസ് തെറ്റയിൽ
22. ശ്രീ. എളമരം കരീം
23. ശ്രീ. പി. കൃഷ്ണപ്രസാദ്
24. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
25. ശ്രീ. കെ. കുഞ്ഞിരാമൻ
26. ശ്രീ. കെ. വി. കുഞ്ഞിരാമൻ
27. ശ്രീ. ടി. പി. കുഞ്ഞുണ്ണി

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. എം. എം. മോനായി
31. ശ്രീ. മുരളി പെരുനെല്ലി
32. ശ്രീ. സി. കെ. പി. പത്മനാഭൻ
33. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
34. ശ്രീ. എം. കെ. പുരുഷോത്തമൻ
35. ശ്രീ. പി. ടി. എ. റഹീം
36. ശ്രീ. എൻ. രാജൻ
37. ശ്രീ. കെ. പി. രാജേന്ദ്രൻ
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. കെ. രാജു
40. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സാജു പോൾ
44. ശ്രീമതി കെ. എസ്. സലീഖ
45. ശ്രീ. വി. ശശികുമാർ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശിവൻകുട്ടി
48. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
49. ശ്രീ. ജി. സുധാകരൻ
50. ശ്രീ. വി. എസ്. സുനിൽ കുമാർ
51. ശ്രീ. പി. തിലോത്തമൻ
52. ഡോ. ടി. എം. തോമസ് ഐസക്
53. ശ്രീ. വി. എൻ. വാസവൻ
54. ശ്രീ. എം. വിജയകുമാർ
55. ശ്രീ. എ. എം. യൂസഫ്

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 17

പ്രതികൂലിക്കുന്നവർ : 55

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ: ശ്രീ. ബി. ബാബുപ്രസാദ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി 17-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ : 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ഉം 16-ഉം വകുപ്പുകൾ

മി. സ്പീക്കർ : 15-ഉം 16-ഉം വകുപ്പുകൾക്ക് ഭേദഗതിയില്ല.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

15-ഉം 16-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ഉം 16-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

17-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(246) ഖണ്ഡം 17(2)(ബി)-ൽ "എന്നാൽ കമ്പനിയുടെ" എന്നതിനുശേഷം "മാനേജിംഗ് ഡയറക്ടറോ" എന്നതിനു മുമ്പായി "ചെയർമാനോ" എന്ന് ചേർക്കുക.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-മുതൽ 20-വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ: 18-മുതൽ 20-വരെയുള്ള വകുപ്പുകൾക്ക് ഭേദഗതിയില്ല.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

18 മുതൽ 20 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18 മുതൽ 20 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

22 മുതൽ 28 വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ : 22 മുതൽ 28 വരെയുള്ള വകുപ്പുകൾക്ക് ഭേദഗതിയില്ല.

22 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

22 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി സ്പീക്കർ : പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : പ്രൊഫ. എൻ. ജയരാജിന്റെ 105-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(105) പീഠികയിൽ "ഏർപ്പെട്ടിരിക്കുന്ന" എന്ന വാക്കിനുപകരം "ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ ഭേദഗതി സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു : സർ, ഈ ക്ഷേമനിധി നിയമം നമ്മുടെ സഭ പാസ്സാക്കുകയാണ്. കേരളത്തിലെ എല്ലാ വിഭാഗം കലാകാരന്മാരും ഉൾപ്പെടുന്ന ഒരു ക്ഷേമനിധിക്കാണ് ഇപ്പോൾ രൂപം നൽകുന്നത്. സ്വാഭാവികമായി സർക്കാരിന്റെ വിഹിതം വളരെ കുറവാണ്. അപ്പോൾ ഇതിന്റെ വരുമാനം കുറയും. എന്നാൽ അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെന്നു മാത്രമല്ല, ഒരു ദിവസം ക്ഷേമനിധിയിൽ അംഗമായാലും അവർക്ക് ആനുകൂല്യങ്ങൾ കിട്ടുവാനുള്ള ഒരു വ്യവസ്ഥ ഈ നിയമത്തിൽ ഉണ്ട്. അതിലൊക്കെ ബഹുമാനപ്പെട്ട മന്ത്രി ലിബറലായിട്ടുള്ള ഒരു സമീപനം സ്വീകരിച്ചു. പക്ഷേ അതോടൊപ്പം തന്നെ ഇത് ദുർവിനിയോഗം ചെയ്യുവാനുള്ള സാധ്യതകളും വളരെയേറെയാണ്. അതുകൊണ്ട് ഈ ക്ഷേമനിധി നടപ്പിലാക്കുമ്പോൾ അർഹതപ്പെട്ട ആളുകൾക്ക് മാത്രം ആനുകൂല്യങ്ങൾ ലഭിക്കും എന്ന് ഉറപ്പുവരുത്തുവാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. അതോടൊപ്പം തന്നെ ഇതിന്റെ നിയമനം സംബന്ധിച്ച് ശ്രീ. ബി. ബാബുപ്രസാദ് ഒരു ഭേദഗതി കൊണ്ടുവന്നു. ഇവിടെ പോൾ ആവശ്യപ്പെട്ടു. ഗവൺമെന്റ് നിലപാട് പി.എസ്.സി.-ക്ക് വിടുന്നതിന് അനുകൂലമായിരുന്നില്ല, പല ക്ഷേമനിധികളും രൂപീകരിച്ചപ്പോൾ അതിന്റെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അത്ര സുതാര്യമായ ഒരു നിലപാടല്ല ഉണ്ടായിട്ടുള്ളത്. ഞാൻ അതിലൊന്നിലും കടക്കുന്നില്ല. അതുകൊണ്ട് അത്തരം ആക്ഷേപങ്ങൾ ഇല്ലാത്ത വിധത്തിൽ ഇതിലെ നിയമനങ്ങൾ എല്ലാ അർത്ഥത്തിലും സുതാര്യമാക്കാനും തൽപ്പരകക്ഷികളെ തള്ളിക്കയറ്റുന്ന ഒരു നിലപാട് സ്വീകരിക്കുന്നതിനുപകരം കുറേക്കൂടി നന്നായി നിയമനങ്ങൾ നടത്താനും ഗവൺമെന്റ് ശ്രദ്ധിക്കണം.

പ്രൊഫ. എൻ. ശക്തൻ : സർ, കേരളത്തിലെ വിവിധ കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ആളുകൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ദീർഘകാലമായിട്ടുള്ള ഒരു ആഗ്രഹം നിയമനിർമ്മാണത്തിലൂടെ ഇന്ന് സാധിതപ്രായമായിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സാംസ്കാരിക പ്രവർത്തനത്തിന്റെ പിന്നാമ്പുറങ്ങളിൽ അറിയപ്പെടാതെ പോകുന്ന ഒട്ടനവധി ആളുകൾക്ക് ഭാവിയിൽ സമാശ്വാസം നൽകുവാൻ ഇടയാകട്ടെ. ബഹുമാനപ്പെട്ട മന്ത്രി വളരെ വിശാലമായ ഒരു മനസ്സ് ഇതിന്റെ ഭേദഗതികളുമായി ബന്ധപ്പെട്ട് കാണിച്ചു. വ്യക്തിപരമായി കൊടുത്ത ഭേദഗതികൾ എല്ലാം അംഗീകരിക്കാൻ തയ്യാറായി. തീർച്ചയായും ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു തുടക്കമെന്ന നിലയിൽ കുറെയേറെ ആശങ്കകൾ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ടെങ്കിലും വളരെ സുതാര്യമായ ഒരു നല്ല സാംസ്കാരിക പ്രവർത്തനത്തിന് ഇടയാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ ഈ സഭയിൽ അംഗീകരിക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ ഉദാത്തമായ ഒരു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഒട്ടേറെ ഭേദഗതികൾ അംഗീകരിക്കുകയും ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്കെല്ലാം തന്നെ ഒട്ടേറെ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടുള്ള വളരെ വിശാലമായ ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഒരുപക്ഷേ ഇത് നടപ്പാക്കുന്ന ഘട്ടത്തിൽ നിരവധി ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുമെന്നാണ് കരുതുന്നത്. അതോടൊപ്പം തന്നെ നമ്മുടെ സാംസ്കാരിക കേരളത്തിന് എന്നും ഈ ക്ഷേമനിധി സഹായകമായിരിക്കും. ബഹുമാന്യരായ അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ചതുപോലെ നിയമനകാര്യത്തിൽ, യാതൊരു വിധത്തിലുള്ള ആശങ്കയ്ക്കും വകയില്ലാത്തവിധത്തിൽ പൂർണ്ണമായും പി.എസ്.സി.-ക്ക് നൽകുന്നതുവരെ ഡെപ്യൂട്ടേഷൻ മുഖാന്തരമോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോയല്ലാതെ മറ്റൊരു നിയമനവും ഇതിൽ ഉണ്ടാകരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ഈ നിയമനിർമ്മാണത്തിന് സഹകരിച്ച എല്ലാവരോടും നന്ദി പറയുകയാണ്. ഇത് നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിന് കലാകാരന്മാർക്കിടയിൽ വലിയ പ്രതീക്ഷ ഉണർത്തിയിട്ടുണ്ട്, ആ പ്രതീക്ഷയ്ക്കൊത്ത് ക്ഷേമപ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഈ ക്ഷേമനിധിക്ക് കഴിയുമോ; അതിന്റെ ധനസ്രോതസ്സ് ഉറപ്പാണോ; തുടങ്ങിയ കാര്യങ്ങൾ ഇവിടെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ചോദിച്ചിരുന്നു. ഈ ക്ഷേമപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുറച്ചുനാളായി ആരംഭിച്ചതാണ്. ഇതിന്റെ ഭാഗമായി ഒരു ലോട്ടറി നടത്തിയിരുന്നത് എല്ലാവർക്കുമറിയാം. ലോട്ടറി വിജയിപ്പിക്കാൻവേണ്ടി നാനാ മേഖലയിലുംപെട്ട കലാകാരന്മാർ എറണാകുളത്ത് വച്ച് നടത്തിയ ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട്, കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള ക്ഷേമ പദ്ധതി നടപ്പാക്കാൻ ഫണ്ട് ഒരിക്കലും ഒരു പ്രശ്നമാകില്ല എന്നും ഇത് വിജയിപ്പിക്കുവാനാവശ്യമായ ഫണ്ട് കണ്ടെത്തുകയും ലഭ്യമാക്കുകയും ചെയ്യുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചതാണ്. അതിനുപുറമെ ഒരു വർഷം ആകെ 7 കോടിയോളം രൂപ വിവിധ സ്രോതസ്സുകളിൽ നിന്നും ഈ ക്ഷേമ പദ്ധതിയുടെ വിനിയോഗത്തിനായി ലഭ്യമാകുമെന്നാണ് പ്രാഥമികമായി നടത്തിയിട്ടുള്ള വിലയിരുത്തലിൽ കണക്കാക്കപ്പെടുന്നത്. അതിനകത്ത് ചെറിയ കുടുതലോ കുറവോ ഒക്കെ ആദ്യം ഉണ്ടാകും. സാമ്പത്തികമായി എന്തെങ്കിലും സംരക്ഷണവും ആശ്വാസവും ആവശ്യമുള്ള ഒരു ജനവിഭാഗവും സാമൂഹ്യ സംരക്ഷണത്തിന്റെ പേരിൽ പുറത്താകാൻ പാടില്ല എന്ന കാഴ്ചപ്പാടോടുകൂടി ക്ഷേമ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ആ ലക്ഷ്യത്തിലേക്ക് കൂട്ടായി നീങ്ങാൻ നമ്മൾ നടത്തുന്ന വലിയൊരു ചുവടുവയ്പ്പാണ് സാംസ്കാരിക മേഖലയിലുള്ള ഈ ക്ഷേമ പദ്ധതി. എല്ലാ കേരളീയർക്കും അതിനുപുറമെ കേരളത്തിൽ തൊഴിലും ഉപജീവനവും ഒക്കെ അന്വേഷിച്ചുവരുന്ന മലയാളികളല്ലാത്ത മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നവർക്കടക്കം സംരക്ഷണം കൊടുക്കുന്ന സമഗ്രമായ ക്ഷേമപദ്ധതികളാണ് നമ്മൾ ഇവിടെ ചർച്ച ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ അർത്ഥത്തിൽ ഈ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്ന ഈ ക്ഷേമപദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് കഴിയുമെന്ന ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് ഇത് പാസ്സാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും, നിയമസഭാ സെക്രട്ടേറിയറ്റിനും നിയമ വകുപ്പിനും ഒക്കെ നന്ദി പറഞ്ഞുകൊണ്ട് ഇത് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ-2010 പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ ഐകകണ്ഠ്യേന പാസ്സായി.

ബഹുമാനപ്പെട്ട നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി അങ്ങേക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(iii) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രിക്ക് 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജയകുമാർ: സർ, ഇതിൽ സംസാരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കേരളത്തിൽ അഭിഭാഷകർക്ക് ക്ഷേമനിധി എന്ന നിലയിൽ ഒരു നിയമം 1980-ലാണ് നിലവിൽ വന്നത്. ആ നിയമത്തിൽ കൊണ്ടുവന്ന ഒരു ഭേദഗതിയാണിത്. നിലവിലുള്ള 3 ലക്ഷം രൂപയുടെ ക്ഷേമനിധി 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നത്. ഈ സർക്കാർ മൂന്ന് വർഷത്തിനുമുമ്പ് കൊണ്ടുവന്ന ഒരു ഓർഡിനൻസാണിത്. ആ സന്ദർഭങ്ങളിലൊന്നും ഇത് പാസ്സാക്കി നിയമമാക്കാൻ സാധിക്കാതെ നിരവധി തവണ റീ-പ്രൊമുൽഗേറ്റ് ചെയ്തു.

മി. സ്പീക്കർ: 12 പ്രാവശ്യം റീ-പ്രൊമുൽഗേറ്റ് ചെയ്തു.

ശ്രീ. എം. വിജയകുമാർ: അതെ. ഞാനത് പറയാത്തതാണ്. എന്തുകൊണ്ടെന്ന് ചോദിച്ചാൽ, കൊണ്ടുവന്ന നിയമത്തിൽ ഒരുപാട് പരിമിതികളുണ്ട്. ഫണ്ട് അല്ലെങ്കിൽ ഇതിന്റെ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly